# പ്രവർത്തന മാർഗ്ഗരേഖയും രാഷ്ട്രീയ പ്രമേയവും

320-954
PRA

കേരളസംസ്ഥാനഘടകം
സി. പി. ഐ. (എം. എൽ.)
(കേന്ദ്രപുനസംഘടനാ കമ്മിററി)

J942

PG Library & Research Centre

# ആമുഖം

1871–ലെ പാരീസ് കമ്യൂണിന്റെ, ഫ്രാൻസിലെ തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുത്ത അനുഭവം, അതു നിലനിന്നതു് എത്ര ഹ്രസ്വകാലത്തേക്കായിരുന്നെങ്കിൽപോലും, മുതലാളിത്ത ചൂഷണത്തിന്റേതായ അവസ്ഥയിൽനിന്നു് തൊഴിലാളിവർഗ്ഗ രാഷ്ട്രീയാധികാരത്തിലേയ്ക്കുള്ള അടിസ്ഥാനപരിവർത്തനത്തിന്റെ തുടക്കമായിരുന്നു. തുടർന്നു നടന്ന സോഷ്യലിസ്റ്റ് വിപ്ലവങ്ങളും ഏഷ്യൻ, ആഫ്രിക്കൻ, ലാററിനമേരിക്കൻ രാജ്യങ്ങളിൽ നടന്ന ജനകീയ ജനാധിപത്യ വിപ്ലവങ്ങളും നിരവധി രാജ്യങ്ങളിൽ നടന്ന വമ്പിച്ച ജനകീയപോരാട്ടങ്ങളും സോഷ്യലിസ്റ്റാശയങ്ങളുടെ വ്യാപനത്തിനു വഴിയൊരുക്കുകയും സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സമ്പുഷ്ടമാക്കുകയും ചെയ്തു. സോവ്യററ് യൂണിയനിലും ചൈനയിലുമടക്കം നടന്ന സോഷ്യലിസ്റ്റ് നിർമ്മാണ പ്രവർത്തനങ്ങളും അതിനിടയിൽ ആർജ്ജിച്ച മഹത്തായ അനുഭവങ്ങളും ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ലോകവിമോചനത്തിന്റെ പാതയിലെ വിലപ്പെട്ട നേട്ടങ്ങളായിരുന്നു. ഇവയെല്ലാം 'മുതലാളിത്തത്തിന്റെ പരമോന്നതഘട്ടമായ സാമ്രാജ്യത്വ വ്യവസ്ഥ'യെ, അതിനെതിരെ തൊഴിലാളിവർഗ്ഗ നേതൃത്വത്തിൽ ഉയർന്നുവരുന്ന ജനകീയ വെല്ലുവിളികളെ നേരിടാനായി അതു കൈവരിക്കുന്ന നവംനവമായ ചൂഷണ സംവിധാനങ്ങളോടൊപ്പം, എന്നന്നേക്കുമായി തകർത്തെറിയുന്നതിനുള്ള പോരാട്ടത്തിലെ സുപ്രധാന ചുവടുവയ്പുകളായിരുന്നു. ലോകത്താകമാനമുള്ള മാർക്സിസ്റ്റ്–ലെനിനിസ്റ്റുകൾ ഈ മഹത്തായ പൈതൃകങ്ങൾ ഉയർത്തിപിടിക്കുന്നു, ലോകജനതയാകെ ഈ അനുഭവങ്ങളിൽ നിന്നു് ഉത്തേജനം ഉൾക്കൊള്ളുന്നു.

ഈ മഹത്തായ നേട്ടങ്ങൾ ഉയർത്തിപിടിക്കുമ്പോൾ തന്നെ സാർവ്വദേശീയതലത്തിലും അഖിലേന്ത്യാ തലത്തിലും കമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്നു് അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെ കുറച്ചു കാണുന്നതിലേക്കു് നാം എത്തിക്കൂടാ. സാമൂഹ്യവിപ്ലവങ്ങളിലൂടെ തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ രാഷ്ട്രീയാധികാരം പിടിച്ചെടുത്ത രാജ്യങ്ങളിൽ പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പെടുക്കുന്നതിലുണ്ടായ നേട്ടങ്ങളോടൊപ്പം പ്രത്യക്ഷമായ കോട്ടങ്ങളും, അവ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ പുരോഗതിയെ തടസപ്പെടുത്തുകയും അടിസ്ഥാനപരമായ വ്യതിയാനങ്ങളിലേക്കു് നയിക്കുകയും ചെയ്ത അനുഭവമാണു് ഈ പ്രതിസന്ധിക്കുള്ള സുപ്രധാനകാരണങ്ങളിലൊന്നു്. അതോടൊപ്പം ലോകസാമ്രാജ്യത്വവ്യവസ്ഥ കൈവരിച്ച പുത്തൻ അവസ്ഥയുടെ സങ്കീർണ്ണഭാവങ്ങളും, അതോടുബന്ധപ്പെട്ട് വിവിധ രാജ്യങ്ങളിലുണ്ടായ ആന്തരികമാററങ്ങളും സമൂർത്തമായി വിശകലനം ചെയ്തു് വിപ്ലവപ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ അവിടങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികൾക്കു നേരിട്ട അടിസ്ഥാനവ്യതിയാനങ്ങളും, ആഗോളതലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾക്കനുസരണമായി മാർക്സിസത്തെ വികസി

പ്പിക്കുന്നതിലുണ്ടായ പരിമിതികളും പാളിച്ചകളും എല്ലാംകൂടി ചേർന്ന് ഇന്ന് മാർക്സിസ്റ്റ്–ലെനിനിസ്റ്റ് പ്രസ്ഥാനം സാർവ്വദേശീയ തലത്തിലും ഇന്ത്യയിലും അപരിഹാര്യമായ ഒരു പ്രതിസന്ധിയെ നേരിടുന്നു എന്ന പ്രതീതി സൃഷ്ടിക്കാൻ ഒരു വിഭാഗത്തിനിടയിൽ ഇടനൽകിയിട്ടുണ്ട്. ഇതെല്ലാം മാർക്സിസം തന്നെ കാലഹരണപ്പെട്ടു എന്ന പിന്തിരിപ്പൻ ശക്തികളുടെ വാദത്തിനു ശക്തികൂട്ടിയിട്ടുമുണ്ട്.

320.954 PRA

പക്ഷേ ഇങ്ങിനെയൊക്കെയാണെങ്കിലും, മാവോസേതുങ് ശരിയായി പറഞ്ഞതുപോലെ 'രാജ്യങ്ങൾ സ്വാതന്ത്ര്യവും രാഷ്ട്രങ്ങൾ വിമോചനവും ജനങ്ങൾ വിപ്ലവവും ആഗ്രഹിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സാമ്രാജ്യത്വവാദികൾക്കും തിരുത്തൽ വാദത്തിനുമെതിരെ കനത്ത പ്രഹരം ഏല്പിച്ചുകൊണ്ട് പെറുവിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന വിപ്ലവസമരവും, ഫിലിപ്പൈൻസ് അടക്കം തെക്കുകിഴക്കേഷ്യൻ രാജ്യങ്ങളിലും മധ്യ അമേരിക്കൻ രാജ്യങ്ങളിലും മറ്റും സാമ്രാജ്യത്വത്തിനും ആഭ്യന്തരപിന്തിരിപ്പത്വത്തിനുമെതിരെ നടക്കുന്ന സമരങ്ങളും, സ്വേഛാധിപത്യവാഴ്ചക്കും അടിച്ചമർത്തലിനുമെതിരെ തെക്കേ ഏഷ്യൻ രാജ്യങ്ങളിലും മറ്റു നിരവധി രാജ്യങ്ങളിലും നടക്കുന്ന പോരാട്ടങ്ങളും ബഹുജന പ്രക്ഷോഭങ്ങളും, ലോകത്താകമാനം പ്രത്യേകിച്ചും പാശ്ചാത്യനാടുകളിൽ, ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന യുദ്ധവിരുദ്ധപ്രക്ഷോഭങ്ങളും, ആഗോളതലത്തിൽ–കുറച്ചുവർഷങ്ങൾക്കു മുൻപുവരെ താരതമ്യേന ദൃഢമെന്നു കരുതപ്പെട്ടിരുന്ന സോവിയറ്റ് തിരുത്തൽവാദ ബ്ലോക്കിൽപെട്ട രാജ്യങ്ങളിലുൾപ്പെടെ–തൊഴിലാളിവർഗ്ഗത്തിന്റെ മുൻകയ്യിലും വമ്പിച്ച ബഹുജന പങ്കാളിത്തത്തോടെയും നടക്കുന്ന ജനാധിപത്യ പ്രസ്ഥാനങ്ങളുമെല്ലാം മാവോയുടെ മേൽകൊടുത്ത പ്രഖ്യാപനത്തിന്റെ പ്രസക്തി അനുദിനം നമ്മെ ബോധ്യപ്പെടുത്തുന്ന സംഭവവികാസങ്ങളാണ്.'' (1985 ഏപ്രിലിലെ സംസ്ഥാന സ്പെഷ്യൽകൺവൻഷൻ അംഗീകരിച്ച രാഷ്ട്രീയ സംഘടനാറിപ്പോർട്ടിൽനിന്ന്)

അതേസമയം ലോകപിന്തിരിപ്പത്വത്തിന് അനുദിനം അസ്വാസ്ഥ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ പോരാട്ടങ്ങളേയും പ്രക്ഷോഭണങ്ങളേയും ലോകവിപ്ലവത്തിന്റെ കേന്ദ്രകടമകളുമായി കൂട്ടിയിണക്കിയും ഓരോ രാജ്യത്തേയും സമൂർത്തസാഹചര്യങ്ങൾക്കനുസരണമായും മുന്നോട്ടുനയിക്കാൻ അപൂർവ്വം രാജ്യങ്ങളിലൊഴിച്ച് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കു കഴിയുന്നില്ല എന്ന വസ്തുത ഞങ്ങൾ കാണാതിരിക്കുന്നില്ല. എങ്കിലും മേൽപറഞ്ഞ സംഭവവികാസങ്ങളൊക്കെ തെളിയിക്കുന്നത് ഇന്ന് കമ്യൂണിസ്റ്റ് പ്രസ്ഥാനം ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിൽപോലും അതിനെ മറികടന്ന് ലോകത്താകമാനം ഒരു പൊൻപുലരി സൃഷ്ടിക്കാനായി പോരാടുന്ന ശക്തികൾ തളർന്നിട്ടില്ല. അവ ഈ പ്രതിസന്ധിയെ മറികടക്കാൻ അനവരതം ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. സമീപകാലത്ത് കേരളം സന്ദർശിച്ച പെറുവിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധി പ്രസ്താവിച്ചതുപോലെ, ബൂർഷ്വാവിപ്ലവങ്ങൾക്ക് അവ തകർത്തെറിഞ്ഞ ഫ്യൂഡൽ ശക്തികൾക്ക് ആധിപത്യത്തിൽ ഒരിക്കലും മടങ്ങിവരാനാവാത്തവിധമുള്ള അവസ്ഥ സൃഷ്ടിക്കുന്നതിന് മൂന്നു നൂറ്റാണ്ടുകൾ

വേണ്ടിവന്ന എന്നതുപോലെ, അതിനേക്കാൾ പതിന്മടങ്ങു ദുഷ്കരവും എല്ലാ ചൂഷണവ്യവസ്ഥകളേയും തകർത്തെറിയുന്നതുമായ തൊഴിലാളിവർഗ്ഗ രാഷ്ട്രീയാധികാരം ബൂർഷ്വാ പുനസ്ഥാപനത്തിനുള്ള സാധ്യതകൾ നിഷേധിച്ചുകൊണ്ടു് ദൃഢീകരിക്കപ്പെടുന്നതിനു് പാരീസ് കമ്യൂൺതൊട്ടു് കണക്കാക്കിയാൽ രണ്ടു നൂററാണ്ടുകാലത്തെ പോരാട്ടമെങ്കിലും വേണ്ടിവന്നേക്കുമെന്ന യാഥാർത്ഥ്യം നാം കാണാതിരുന്നുകൂടാ. ഇന്ത്യയിൽ ജനകീയ ജനാധിപത്യവിപ്ലവം സാക്ഷാത്കരിക്കുന്നതിനുള്ള വിപ്ലവശ്രമങ്ങൾ ഇന്നു് വിഷമകരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ടെങ്കിലും, ഈ വൈതരണികളെ മറികടന്നു് അതിനു് പൂർണ്ണവിജയം കൈവരിക്കാനാകുമെന്നുതന്നെയാണു് ഇന്നു് ഇന്ത്യയിൽ തന്നെ വളർന്നുവരുന്ന നാനാതരം സമരങ്ങളും മൂന്നാം ലോകരാജ്യങ്ങളിലാകെ നടക്കുന്ന പോരാട്ടങ്ങളും വ്യക്തമാക്കുന്നതു്.

1960 കളിൽ തന്നെ പ്രകടമായിരുന്ന, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം അഭിമുഖീകരിച്ചിരുന്ന, സങ്കീർണ്ണമായ പ്രശ്നങ്ങളേയും പ്രതിബന്ധങ്ങളേയും നേരിടുന്നതിനും മറികടക്കുന്നതിനുമുള്ള ശ്രമമായിരുന്നു ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന സാംസ്കാരികവിപ്ലവം. വിപ്ലവം നടന്നതും സോഷ്യലിസ്റ്റ് നിർമ്മാണപ്രക്രിയയിലും കമ്മ്യൂണിസ്റ്റ് സമൂഹത്തിന്റെ സൃഷ്ടിയിലും ഏർപ്പെട്ടിരുന്നവയുമായ രാജ്യങ്ങളിലടക്കം തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൽ നിരന്തരം തിരിച്ചുവരവു നടത്താൻ ശ്രമിച്ചിരുന്നതും സോവിയററ്‌യൂണിയനിലടക്കം വിജയം വരിച്ചതുമായ ബൂർഷ്വാ പിന്തിരിപ്പൻ ആശയങ്ങൾക്കെതിരായ ഈ മഹത്തായ വിപ്ലവം ചൈനയിലെ മുതലാളിത്ത പാതക്കാർക്കെതിരെ വെല്ലുവിളി ഉയർത്തുന്നതോടൊപ്പം ലോകത്താകമാനം നിരവധി മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടികൾക്കും ജന്മമേകി. ഇന്ത്യയിൽ മഹത്തായ നക്സൽബാരി സായുധ കർഷക കലാപത്തിനും സി. പി ഐ. (എം. എൽ) ന്റെ രൂപീകരണത്തിനും ഇന്ത്യയിലെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ മൂർഛിച്ചുവന്നിരുന്നുവെന്നതിനോടൊപ്പം ഈ സംഭവങ്ങൾ സജീവപ്രേരണ നൽകുന്ന രാസത്വരകശക്തിയായി പ്രവർത്തിച്ചു. സാമ്രാജ്യത്വത്തിനും സോഷ്യൽ സാമ്രാജ്യത്വത്തിനും ആഭ്യന്തര പിന്തിരിപ്പത്തത്തിനുമെതിരെ പോരാടിക്കൊണ്ടു്; തിരുത്തൽവാദത്തേയും എല്ലാ പിന്തിരിപ്പൻ ആശയങ്ങളേയും എതിർത്തുകൊണ്ടു്, അടിസ്ഥാനപരമായ സാമൂഹ്യമാററത്തിനായി നടന്ന ഈ ശ്രമങ്ങൾക്കും നേരിട്ട തിരിച്ചടികൾ കൂട്ടിച്ചേർത്താണു് ഇന്ത്യയിലും സാർവ്വദേശീയ തലത്തിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നേരിടുന്ന പ്രതിസന്ധിയും വെല്ലുവിളികളും വർത്തമാനാവസ്ഥയിൽ എത്തിയിട്ടുള്ളതു്.

പക്ഷേ ഈ തിരിച്ചടികളും പുത്തൻ വെല്ലുവിളികളും 'സാമ്രാജ്യത്വത്തിന്റേയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റേതും' എന്നു് ലെനിൻ വിശേഷിപ്പിച്ച ഈ കാലഘട്ടത്തിലെ വിപ്ലവസ്വപ്നങ്ങൾക്കു്, നാനാതരം വിപ്ലവശത്രുക്കൾ പ്രചരിപ്പിക്കുന്നതുപോലെ ഇനിയൊരിക്കലും പൂത്തുലയാത്ത തരത്തിലുള്ള, ക്ഷതം ഏല്പിച്ചിട്ടില്ല. അവ, പാരീസ് കമ്മ്യൂണിനുശേഷം ഒരു നൂററാണ്ടിലേറെക്കാലം നടന്ന സാമൂഹ്യവിപ്ലവങ്ങളേയും പുതിയ സാമൂഹ്യസൃഷ്ടിക്കുള്ള ശ്രമങ്ങളേയും നഷ്ടപ്രദമാക്കിയിട്ടില്ല. സാമൂഹ്യവിപ്ലവത്തിന്റെ ഇന്നത്തെ പ്രത്യയശാസ്ത്രമായ മാർക്സിസ— ലെനിനിസം-മാവോസേതുങ്ങ്

ചിന്തയെ അവഗ്ഗ് കാലഹരണപ്പെടുത്താനായിട്ടില്ല. മറിച്ച്, അനുദിനം വർദ്ധമാനമായ തോതിൽ ജനവിരുദ്ധവും ക്രൂരവുമാകുന്ന സാമ്രാജ്യത്വ ചൂഷണത്തിന്റെ പുത്തൻ രൂപങ്ങളേയും സാമ്രാജ്യത്വാശ്രിതമായ മൂന്നാംലോക ഭരണക്കൂടങ്ങളേയും തകർത്തെറിയുന്നതിനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ കൂടുതൽ ശക്തമായ സമരങ്ങൾ വളർന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ചേർന്നുകൊണ്ടുള്ള സമകാലീനാവസ്ഥ ജനകീയ വിപ്ലവശക്തികൾക്കു മുന്നിൽ തങ്ങളുടെ പ്രത്യയശാസ്ത്രാടിത്തറ ദൃഢീകരിക്കേണ്ടതിന്റേയും വികസിപ്പിക്കേണ്ടതിന്റേയുമായ വെല്ലുവിളികൾ ഉയർത്തുന്നു. കഴിഞ്ഞകാല പൈതൃകങ്ങളുടെ മഹത്തായ അംശങ്ങളെ സ്വാംശീകരിച്ചുകൊണ്ടും നിഷേധാത്മകമായ അനുഭവങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും സമൂർത്തയാഥാർത്ഥ്യങ്ങൾക്കനുസരണമായി രാഷ്ട്രീയവ്യക്തത നേടിക്കൊണ്ട് മുന്നേറാൻ ശ്രമിക്കുന്ന തൊഴിലാളിവർഗ്ഗവിപ്ലവശക്തികൾ ആത്മാർത്ഥമായ ആത്മപരിശോധനയിലൂടെ കണ്ടെത്തിയ തെറ്റുകൾ ജനങ്ങൾക്കു മുന്നിൽ തുറന്നുപറയാനും മടിക്കുന്നില്ല.

ഇന്ത്യയിലെ മാർക്സിസ്റ്റ്–ലെനിനിസ്റ്റുകളെ സംബന്ധിച്ചിടത്തോളം, വിപ്ലവം ആഗ്രഹിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം, നക്സൽബാരി ചരിത്രപ്രധാനവും കഴിഞ്ഞകാല വിപ്ലവസമരങ്ങളുടെ മഹത്തായ തുടർച്ചയുമാണ്. അതു് മാർക്സിസം–ലെനിനിസം–മാവോസേതുങ്ങ് ചിന്തയെ ഇന്ത്യയിലെ വിപ്ലവത്തിന്റെ പ്രത്യയശാസ്ത്രാടിത്തറയായി പ്രതിഷ്ഠിക്കുകയും വിപ്ലവത്തിന്റെ ഘട്ടം പുത്തൻ ജനാധിപത്യത്തിന്റേതാണെന്ന് നിർണ്ണയിക്കുകയും സായുധശക്തിയിലധിഷ്ഠിതമായ പിന്തിരിപ്പൻ ഭരണകൂടത്തെ ജനകീയ യുദ്ധത്തിന്റെ പാതയിലൂടെയേ തകർത്തെറിയാനാകൂ എന്നു പ്രഖ്യാപിക്കുകയും തിരുത്തൽവാദത്തിനെതിരെ സന്ധിയില്ലാത്ത സമരംചെയ്തുകൊണ്ടേ രാഷ്ട്രീയാധികാരം പിടിച്ചെടുക്കാനും നിലനിർത്താനും കഴിയൂ എന്ന് വ്യക്തമാക്കുകയും ചെയ്തു. ഇവയെല്ലാം ഇന്ത്യയിലെ മാർക്സിസ്റ്റ്–ലെനിനിസ്റ്റുകൾ ഇന്നും ഉയർത്തിപ്പിടിക്കുന്ന മഹത്തായ പ്രത്യയശാസ്ത്ര, രാഷ്ട്രീയ നിലപാടുകളാണ്.

അതേസമയം നക്സൽബാരിയെ തുടർന്ന് ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരുന്ന സമരങ്ങൾ, 1969–ൽ സി. പി. ഐ. (എം. എൽ) രൂപീകരിച്ചതിനുശേഷം 1970–ൽ ചേർന്ന അതിന്റെ പ്രഥമ കോൺഗ്രസിൽ അംഗീകരിച്ച രാഷ്ട്രീയ പരിപാടിയുടെ അടിസ്ഥാനത്തിൽ തുടരാനും വികസിപ്പിക്കാനും നടത്തിയ ശ്രമങ്ങൾ ഗുരുതരമായ തിരിച്ചടികളെ നേരിടുവാൻ തുടങ്ങി. പാർട്ടി ശിഥിലീകരണത്തെ നേരിടുകയും ചെയ്തു. 1970–ലെ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ കേന്ദ്രീകരണവും അതിനെ ആസ്പദമാക്കിയുള്ള സംഘടനാ കേന്ദ്രീകരണവും അസാദ്ധ്യമായിത്തീർന്നു. ഇതു് ഇന്ത്യയിലെ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് ശക്തികളെ 1947–ലെ അധികാര കൈമാററത്തെ തുടർന്ന് രൂപമാററം സംഭവിച്ച സമൂർത്ത സാഹചര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു പുതിയ രാഷ്ട്രീയദിശക്കു കീഴിൽ പുനസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യമുയർത്തി. ഈ പശ്ചാത്തലത്തിലാണ് തിരിച്ചടികളെ തുടർന്ന് രാഷ്ട്രീയകേന്ദ്രീകരണം നഷ്ടപ്പെടുകയും അതുമൂലം സംഘ

ടനാ കേന്ദ്രീകരണം അസാധ്യമാവുകയും ചെയ്ത കേരളത്തിലെ സി. പി. ഐ. (എം. എൽ) പ്രസ്ഥാനത്തെ ബോധപൂർവ്വമായ ഒരു രാഷ്ട്രീയ പുന:സംഘടനക്കു വിധേയമാക്കുവാൻ 1983 അവസാനം പാർട്ടിയുടെ കേരള സംസ്ഥാനഘടകം തീരുമാനിക്കുന്നതു്.

നക്സൽബാരിയുടെയും അതിനു മുമ്പുനടന്ന സാമ്രാജ്യത്വവിരുദ്ധവും ഫ്യൂഡൽ വിരുദ്ധവുമായ വിപ്ലവസമരങ്ങളുടേയും അനുഭവങ്ങൾ സ്വാംശീകരിച്ചുകൊണ്ടു് സ. ചാരുമജുംദാരുടെ നേതൃത്വത്തിൽ ഇന്ത്യൻ വിപ്ലവത്തിന്റെ ഘട്ടത്തെകുറിച്ചും പ്രത്യയശാസ്ത്ര അടിത്തറയെ കുറിച്ചും വിപ്ലവത്തിന്റെ പാതയെകുറിച്ചും എടുത്ത അടിസ്ഥാന സമീപനങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടുതന്നെയാണു് ഞങ്ങൾ ഇത്തരമൊരു പുനസംഘടനക്കു തുടക്കം കുറിക്കുന്നതു്. അതേസമയം ഇന്ത്യനവസ്ഥയെ അർദ്ധ ഫ്യൂഡൽ, അർദ്ധ കൊളോണിയൽ എന്നും പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ ഇന്നത്തെ അവസ്ഥയിലെ മുഖ്യവൈരുധ്യം ഫ്യൂഡലിസവും ഇന്ത്യയിലെ ജനസാമാന്യങ്ങളുമായിട്ടുള്ളതെന്നുമുള്ള വിശകലനങ്ങൾ രണ്ടാം ലോകയുദ്ധത്തിനുശേഷം സാമ്രാജ്യത്വം പുത്തൻ ചൂഷണരൂപങ്ങൾ ആവിഷ്കരിച്ചതിനു് അനുസരണമായി 1947–വരെ പ്രത്യക്ഷ കൊളോണിയൽ വാഴ്ചക്കടിപ്പെട്ടിരുന്ന ഇന്ത്യയിൽ തുടന്നു ശക്തിപ്പെട്ട പുത്തൻ കൊളോണിയൽ അവസ്ഥയിലെ യാഥാർത്ഥ്യങ്ങളെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല എന്നു ഞങ്ങൾ കഴിഞ്ഞകാല അനുഭവങ്ങളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിൽ കണ്ടെത്തി. ഇതു് സമഗ്രമായ ഒരു രാഷ്ട്രീയ പുനസംഘടന ആവശ്യമാക്കിത്തീർത്തു. ഇതിന്റെ ഭാഗമായി സമൂർത്ത സാഹചര്യങ്ങളിൽനിന്നകന്നു് വിഭാഗീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നതുമൂലം ശിഥിലമായ സംഘടനയെ പുതിയ രാഷ്ട്രീയ ദിശക്കനുസരണമായി പുനസംഘടിപ്പിക്കേണ്ടതുമുണ്ടായിരുന്നു.

മാർക്സിസം–ലെനിനിസം–മാവോസേതുങ് ചിന്ത ഗൗരവതരമായ ആക്രമണങ്ങളേയും വെല്ലുവിളികളേയും നേരിടുന്ന സമകാലീനാവസ്ഥയിൽ ലോകസാഹചര്യങ്ങളിലും അതുമായി ബന്ധപ്പെട്ടു് ഇന്ത്യയിലും ഉണ്ടായ മാററങ്ങൾക്കനുസരണമായി, കഴിഞ്ഞകാല തെററുകൾ തിരുത്തിക്കൊണ്ടു്, ഈ വിപ്ലവ പ്രത്യയശാസ്ത്രത്തെ സമൂർത്തമായി പ്രയോഗിക്കാനും വികസിപ്പിക്കാനും ലക്ഷ്യം വച്ചായിരുന്നു ഈ രാഷ്ട്രീയ പുനസംഘടനക്കു തുടക്കമിട്ടതു്. ഓരോ മേഖലയിലേയും വർഗ്ഗസമരങ്ങളുടെ സങ്കീർണ്ണതകളെ സമഗ്രതയിൽ ഉൾക്കൊണ്ടുകൊണ്ടു് അവയ്ക്കനുസരണമായി വർഗ്ഗസമരം ബോധപൂർവ്വം വികസിപ്പിക്കുന്നതിനും, പുതിയ പുതിയ മാററങ്ങളും ചലനങ്ങളും ഉൾക്കൊണ്ടു് അവയ്ക്കനുസരണമായി തന്ത്രവും മെയ്‌വഴക്കത്തോടുകൂടിയ അടവുകളും ആവിഷ്കരിക്കുന്നതിനും അവയെ പ്രായോഗികമാക്കുന്നതിനും കഴിവുള്ള ഒരു സംഘടനയായി മാറുന്നതിലൂടെയേ വിപ്ലവത്തിന്റെ മഹത്തായ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാവൂ എന്നു് ഞങ്ങൾ മനസ്സിലാക്കി. സാമ്രാജ്യത്വലോകവ്യവസ്ഥയുടെ സങ്കീർണ്ണമായ പുതിയ പുതി

യ ചലനക്രമങ്ങളും എല്ലാ തലങ്ങളിലുമുള്ള പ്രവത്തന പദ്ധതികളുമായി ബന്ധപ്പെട്ട് വഗ്ഗസമരവും ഇന്നു് പുതിയ മാനങ്ങൾ കൈവരിക്കുന്നുണ്ട്. ഇവ ഉയത്തുന്ന വെല്ലുവിളികരം മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടും അവയ്ക്കു് അനുസരണമായി പ്രവത്തിക്കാൻ പ്രയോഗവുമായി ബന്ധപ്പെട്ട ഒരു നീണ്ട ദുഷ്കരമായ പ്രക്രിയയിലൂടെ കഴിവുനേടിക്കൊണ്ടും മാത്രമേ വിപ്ലവകടമകരം ഏറെറടുക്കാനും ജനങ്ങൾക്കിടയിൽ അടിത്തറയുണ്ടാക്കാനും കഴിയൂ എന്നും ഞങ്ങൾ മനസിലാക്കി. സമഗ്രമായ കാഴ്ചപ്പാടോടെ ഓരോ മേഖലയിലേയും വഗ്ഗസമരത്തെ ബോധപൂവ്വം മുന്നോട്ടുനയിക്കാൻ പ്രായോഗികവും സൈദ്ധാന്തികവുമായ കഴിവുനേടി രാഷ്ട്രീയ പുനസംഘടനയുടെ പടവുകരം കയറി, രാഷ്ട്രീയ കേന്ദ്രീകരണവും അതിനനുസൃതമായ സംഘടനാ കേന്ദ്രീകരണവും പുനസ്ഥാപിച്ചു് ജനാധിപത്യകേന്ദ്രീകരണത്തിൽ അധിഷ്ഠിതമായ ഒരു കരുത്തുററ വിപ്ലവസംഘടനയായി മാറാനാണു് മാർക്സിസ്റ്റ്—ലെനിനിസ്റ്റുകരം ഇന്നു ശ്രമിക്കുന്നതു്.

ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചക്കു് അടിപ്പെട്ടിരുന്ന ഇന്ത്യ 1947—ലെ അധികാരകൈമാററത്തെ തുടന്നു് വിവിധ സാമ്രാജ്യത്വശക്തികളും ബഹുരാഷ്ട്രകത്തകകളും സാമ്രാജ്യത്വ വായ്പാ ഏജൻസികളും അഖിലേന്ത്യാ കത്തകകളും നടത്തുന്ന ചൂഷണത്തിൻേറയും അവയുടെ താല്പര്യങ്ങളെ സേവിക്കുന്ന ഭരണകൂടത്തിൻെറ മർദ്ദനവാഴ്ചയുടേയും ഫലമായി ഒരു പുത്തൻ കോളനിയായി മാറിയിരിക്കുന്നു. ഈ പുത്തൻ കൊളോണിയൽ അവസ്ഥ ഒരു ബഹുദേശീയ രാജ്യമായ ഇന്ത്യയിലെ വ്യത്യസ്ഥ ദേശീയതകളിൽ നിലവിലുണ്ടായിരുന്ന വൈരുദ്ധ്യങ്ങളെ മൂർഛിപ്പിക്കുകയും പുതിയവക്കു് പിറവി നൽകുകയും ചെയ്തിരിക്കുന്നു. ഈ മാററങ്ങൾ കേരളത്തിൽ എങ്ങിനെ അനുഭവപ്പെടുന്നു എന്നു് അനാവരണം ചെയ്യുന്ന ഒരു പ്രാഥമിക പഠനം, പല പരിമിതികളോടെയാണെങ്കിലും, 1983 അവസാനം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ഇതിൻെറ അടിസ്ഥാനത്തിൽ തുടന്നു നടന്ന പ്രവത്തനങ്ങളുടേയും പഠനങ്ങളുടേതുമായ ഒരു ഘട്ടത്തിലാണു് 1985 ഏപ്രിലിൽ ചേർന്ന സംസ്ഥാന സ്പെഷ്യൽ കൺവൻഷനിൽ ഇതേത്തുടന്നു ചേത്തിട്ടുള്ള പ്രവത്തനമാഗ്ഗരേഖ അവതരിപ്പിക്കുന്നതു്. ഒരു ബഹുദേശീയ രാജ്യമായ ഇന്ത്യയിലെ ഒരു ദേശീയ രൂപീകരണമായ കേരളത്തിൻെറ സവിശേഷതകൾക്കനുസരണമായി, തൊഴിലാളിവഗ്ഗ നേതൃത്വത്തിൽ, സാമ്രാജ്യത്വവിരുദ്ധ ജനാധിപത്യവിപ്ലവം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പരിപാടിയുടെ പ്രാഥമിക രൂപമായ ഈ പ്രവത്തന മാഗ്ഗരേഖ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള സജീവശ്രമങ്ങളിലൂടെയും പഠനങ്ങളിലൂടെയുമാണു് ഇതിനെ ഭാവിയിൽ ആവിഷ്കരിക്കാനിരിക്കുന്ന രാഷ്ട്രീയ പരിപാടിയായി വികസിപ്പിക്കാനാവുക. ഇതിൻെറ വെളിച്ചത്തിൽവേണം ഈ മാഗ്ഗരേഖയുടെ പരിമിതികളേയും പോരായ്മകളേയും നോക്കിക്കാണേണ്ടതു്.

ഈ പ്രവർത്തന മാർഗ്ഗരേഖയിൽ മുന്നോട്ടുവയ്ക്കുന്ന സങ്കീർണ്ണമായ കടമകൾ ശരിയായി കൈകാര്യം ചെയ്യാൻ പ്രയോഗത്തിന്റേതായ നിരവധി സങ്കീർണ്ണതകളിലൂടെ കടന്നുപോയി കഴിവു നേടുന്നവരായ, ശരിയായ സ്വദ്ധാന്തത്താലും പ്രായോഗിക അനുഭവങ്ങളാലും ആയുധമണിഞ്ഞ, സിദ്ധാന്തവും പ്രയോഗവും സമൂർത്തമായി സമന്വയിപ്പിക്കാനും വിപ്ലവത്തിന്റെ തന്ത്രവും അടവുകളും കൂട്ടിയിണക്കുവാനും വിദഗ്ദ്ധമായി പ്രയോഗിക്കുവാനും വൈദഗ്ദ്ധ്യം നേടിയിട്ടുള്ള വിപുലമായ ഒരു കേഡർനിരയെ വാർത്തെടുക്കുന്നതിലൂടെ മാത്രമേ സാധ്യമാകൂ. ഭൂതകാലത്തിൽനിന്നു വ്യത്യസ്ഥമായി ഇത്തരമൊരു ശരിയായ കേഡർനയം ആവിഷ്കരിച്ചു് നടപ്പിലാക്കേണ്ടതുണ്ടു്. ഇവിടത്തെ സവിശേഷമായ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക അവസ്ഥയെ ചരിത്രപരമായും വിപ്ലവത്തിന്റെ ഘട്ടവുമായി ബന്ധപ്പെടുത്തിയും മനസിലാക്കിക്കൊണ്ടു് അതിനനുസൃതമായി ശരിയായ ഒരു വർഗ്ഗലൈൻ രൂപപ്പെടുത്തിയെടുക്കേണ്ടതുമുണ്ടു്.

1986 ജൂലൈ മാസത്തിൽ ചേർന്ന കേരളസംസ്ഥാനഘടകത്തിന്റെ വിപുലീകൃതയോഗത്തിൽ അവതരിപ്പിച്ചു് ചർച്ച ചെയ്യതും; പ്രവർത്തന മാർഗ്ഗരേഖയെ തുടർന്നുകൊടുത്തിട്ടുള്ളതുമായ രാഷ്ട്രീയപ്രമേയത്തെ പ്രവർത്തന മാർഗ്ഗരേഖക്കനുസരണമായി ഇന്നു വികസിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഒരു രാഷ്ട്രീയ പ്രക്ഷോഭസമരത്തിന്റേതായ മൂർത്തമായ ദിശയിലേക്കു തിരിച്ചുവിടാനുള്ള ശ്രമത്തിന്റെ ഭാഗമായി കാണേണ്ടതുണ്ടു്.

വിപ്ലവത്തിന്റെ തന്ത്രത്തിന്റേയും അടവുകളുടേയും കാര്യത്തിൽ മാത്രമല്ല, വിപ്ലവാനന്തര സാമൂഹ്യസൃഷ്ടിയുടെ കാര്യത്തിലും, മാവോസേതുങ്ങ്, ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, സമൂർത്തവും ദേശീയവുമായ ഒരു പാത സ്വീകരിക്കേണ്ടതുണ്ടു്. വിപ്ലവാനന്തര സമൂഹത്തിൽ സോവിയററ് മോഡൽ പാതയോ, മറേറതെങ്കിലും രാജ്യത്തിലെ സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ ഘട്ടത്തിൽ സ്വീകരിച്ചിരുന്ന പാതയോ അപ്പടി പുനരാവർത്തിക്കുകയല്ല വേണ്ടതെന്നും, പുത്തൻ കൊളോണിയലിസത്തിന്റേതായ ഇന്നത്തെ ഘട്ടത്തിൽ ആഗോള സാമ്രാജ്യത്വ സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾക്കനുസരണമായി അടിച്ചേൽപ്പിക്കപ്പെടുന്ന ആശ്രിത സമ്പദ്ഘടനയിൽനിന്നു മൗലികമായി വ്യത്യസ്ഥമായ ഒരു ബദൽവികസനപാതയുടെ ചിത്രവും സ്വപ്നവും അവതരിപ്പിക്കുന്നതു് സഹായകമാകുമെന്നുമുള്ള കാഴ്ചപ്പാടോടെയാണു് കേരളത്തിന്റെ ഭാവിവികസനത്തിനുള്ള ഒരു പ്രാഥമിക ബദൽ വികസനപാത 1984 ഡിസംബറിൽ ഞങ്ങൾ അവതരിപ്പിച്ചതു്. ഉടനെതന്നെ പ്രസിദ്ധീകരിക്കുന്ന പുതിയ സാമ്പത്തിക പഠനത്തിന്റെ ആദ്യഭാഗത്തെ തുടർന്നു് ഈ ബദൽ വികസനപാത കൂടുതൽ സമ്പുഷ്ടമാക്കി അവതരിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുന്നതാണു്. പക്ഷേ ഇത്തരമൊരു ബദൽ വികസന പാത വ്യവസ്ഥാപിത ക്രമത്തിനകത്തു നിന്നുകൊണ്ടു് നടപ്പാക്കാമെന്ന തര

ത്തിലുള്ള എല്ലാത്തരം പരിഷ്കരണവാദപരമായ ആശയങ്ങളേയും പരാജയപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള വ്യവസ്ഥാപിതക്രമത്തേയും ഭരണകൂടത്തേയും തകർക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ആശ്രിത സമ്പദ്ഘടനയെ രാഷ്ട്രീയമായി തുറന്നുകാണിക്കുന്നതിന്റെ ഭാഗമായിട്ടാണ് ബദൽ വികസനപാതയുടെ പ്രശ്നം ഞങ്ങൾ അവതരിപ്പിക്കുന്നത്. ഒരു വ്യത്യസ്ഥ സാമ്പത്തിക വികസന പരിപാടി എന്നതിലുപരി മൗലികമായി വ്യത്യസ്ഥമായ ഒരു രാഷ്ട്രീയ സമീപനം ഉൾക്കൊള്ളുന്നതിലൂടെയാണ് ഒരു ബദൽ വികസനപാത വിപ്ലവകരമാകുന്നത്. പരിഷ്കരണവാദപരവും തിരുത്തൽവാദപരവുമായ സമീപനം കൈക്കൊണ്ടുകൊണ്ടും ഭരണകൂടത്തോടുള്ള അടിസ്ഥാനസമീപനവുമായി ബന്ധിപ്പിക്കാതെയും ഒരു ബദൽ വികസനപാതയെപററി പരാമർശിക്കുന്നത് രാഷ്ട്രീയമായി തെററായിരിക്കും. പ്രവർത്തനമാർഗ്ഗരേഖയിലും രാഷ്ട്രീയ പ്രമേയത്തിലും ചൂണ്ടിക്കാണിക്കുന്നതുപോലെ, സാമ്രാജ്യത്വവിരുദ്ധവും ദേശീയവുമായ ഒരു വികസനപാത കെട്ടിപ്പടുക്കുവാൻ നിലവിലുള്ള ജനവിരുദ്ധ ഭരണകൂടത്തെ തകർത്തെറിഞ്ഞുകൊണ്ട് സാമ്രാജ്യത്വവിരുദ്ധവും ദേശീയവുമായ ഒരു ജനകീയ ജനാധിപത്യ വ്യവസ്ഥ സ്ഥാപിക്കുന്നതിന്റെ ഭാഗമായേ കഴിയൂ.

ഇന്ന് രാഷ്ട്രീയ പുനസംഘടനയിലൂടെ പുതിയ ദിശാബോധത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുമായി സജീവബന്ധം പുലർത്തി വിപ്ലവത്തിന്റെ കടമകൾ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ, ഞങ്ങൾ പ്രവർത്തിക്കുന്നത് ഞങ്ങളുടെതന്നെ ഭൂതകാലം ഗുരുതരമായ തെററുകളുടെ നിരവധി മാററാപ്പിൻകെട്ടുകളെ പേറിനടന്ന ഒന്നായിരുന്നു എന്ന വിനയബോധത്തോടെയാണ്. ജനങ്ങളോട് യാഥാർത്ഥ്യം തുറന്നുപറഞ്ഞുകൊണ്ടും, പലപ്പോഴായി ഞങ്ങളുടെ തെററുകൾ ചൂണ്ടിക്കാണിച്ചു തന്നിട്ടുള്ള മുഴുവൻ ജനങ്ങളുടേയും സഹകരണം തേടിക്കൊണ്ടും, അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നിരന്തരം ശ്രമിച്ചുകൊണ്ടും, ജനങ്ങളോട് തുറന്ന മനസ്സോടെ സ്വയം വിമർശനം നടത്താൻ സദാ സന്നദ്ധമായിക്കൊണ്ടും മാത്രമേ പഴയകാല തെററുകളോട് വിടപറയാനും, വിപ്ലവപ്രയോഗം എല്ലാ മേഖലകളിലും വികസിപ്പിച്ചുകൊണ്ടും കൂടുതൽ പഠനങ്ങളിലൂടെയും രാഷ്ട്രീയ പുനസംഘടനയുടെ കടമകൾ പൂർത്തീകരിക്കാനും, അങ്ങിനെ പുത്തൻ ജനാധിപത്യവിപ്ലവത്തെ വിജയത്തിലേക്കു നയിക്കാനും കഴിയൂ എന്ന ഉറച്ച വിശ്വാസത്തോടെയാണ് പ്രവർത്തനമാർഗ്ഗരേഖയും രാഷ്ട്രീയ പ്രമേയവും ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്.

സെക്രട്ടറി

18–8–1986

കേരളസംസ്ഥാനഘടകം

സി. ആർ. സി., സി. പി. ഐ. (എം. എൽ.)

# പ്രവർത്തന മാർഗ്ഗരേഖ

1. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് സാമ്രാജ്യത്വശക്തികൾക്കിടയിൽ സംഭവിച്ച സാമ്പത്തിക രാഷ്ട്രീയക്കുഴപ്പങ്ങളും, യുദ്ധത്തിനു ശേഷമുള്ള കാലഘട്ടത്തിൽ സാമ്രാജ്യത്വ ശാക്തികബന്ധങ്ങളിലുണ്ടായ മാററവും, അമേരിക്ക മുന്നോട്ടുവച്ച നിർകോളനീകരണ പ്രക്രിയയും, കോളനി രാജ്യങ്ങളിലെ ദേശീയ വിമോചന സമരങ്ങളും എല്ലാം ചേർന്നുള്ള പുതിയ ഭൂഗോള സാഹചര്യം സാമ്രാജ്യത്വശക്തികളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ബന്ധങ്ങളിൽ ഒരു പുനർ ക്രമീകരണം ആവശ്യമാക്കിത്തീർത്തു. ഈ പൊതുസാഹചര്യത്തിൽ കോളനികളിലെ നേരിട്ടുള്ള രാഷ്ട്രീയാധികാരം കയ്യൊഴിക്കുകയും, കൂടുതൽ പരോക്ഷമായ സാമ്പത്തിക രാഷ്ട്രീയ ബന്ധങ്ങളിലൂടെ സാമ്രാജ്യത്വാധിപത്യം ഉറപ്പുവരുത്തുകയും ചെയ്യുന്ന—പൊതുവിൽ സാമ്രാജ്യത്വക്രമത്തിൻെറ പുതിയ ഘട്ടമെന്ന നിലയിൽ—പുത്തൻ കൊളോണിയലിസത്തിൻെറ ആവിർഭാവത്തിനു വഴിയൊരുക്കി. ഇതോടു ബന്ധപ്പെട്ട് സാമ്പത്തികരംഗത്തു് മൂലധനത്തിൻെറ സാർവ്വദേശീയ വല്ക്കരണവും, ബഹുരാഷ്ട്രകുത്തകകളും, രാജ്യാന്തര കോർപ്പറേഷനുകളും, സാങ്കേതികകുത്തകകളും അന്താരാഷ്ട്രധന ഏജൻസികളും, കടസമ്പദ് വ്യവസ്ഥയുടെ വ്യാപനവും എല്ലാമെല്ലാം ഈ ഘട്ടത്തിൻെറ എടുത്തു പറയാവുന്ന ചില സവിശേഷതകളെന്ന നിലയിൽ ഇതേത്തുടർന്ന് ഉരുത്തിരിഞ്ഞുവരികയുണ്ടായി. കൂടാതെ രാഷ്ട്രീയമേഖലയിൽ അട്ടിമറിയുടെയും ചാരപ്രവർത്തനങ്ങളുടെയും സൈനിക സഹായങ്ങളുടെയും പലവിധ സൈനിക സാമ്പത്തിക കരാറുകളുടെയുമെല്ലാമായ ഒട്ടനവധി ഘടകങ്ങളുടെ വിപുലനങ്ങളുമെല്ലാം പുത്തൻ കോളനി രാജ്യങ്ങളെ നിയന്ത്രിക്കാനുള്ള വിവിധ ഘടകങ്ങളെന്ന നിലയിൽ സാമ്രാജ്യത്വങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഈ പുതിയ സാഹചര്യങ്ങളുടെ ഭാഗവും ഫലവുമെന്ന രീതിയിൽ ഭരണകൂടം സാമ്രാജ്യത്വ തന്ത്രങ്ങൾ നടപ്പാക്കാനുള്ള ഒരു പ്രധാന സംവിധാനമെന്ന നിലയിൽ കൂടുതൽ പ്രാധാന്യം കൈവരിക്കുകയും ചെയ്തു. ഇവയെയെല്ലാം സംബന്ധിച്ച സൈദ്ധാന്തികവും പ്രായോഗികവുമായ വ്യക്തത ഇനിയും നാം കൈവരിക്കേണ്ടതുണ്ടെങ്കിലും ലോകസാഹചര്യത്തിൽ പൊതുവേ ഉണ്ടായിട്ടുള്ള ഈ മാററം ഇന്ന് ഒരു രാഷ്ട്രീയ പരിപാടിയുടെ രൂപീകരണത്തിൽ നിർണ്ണായക പ്രാധാന്യമുള്ളതെന്ന നിലയിൽ അംഗീകരിക്കാതിരിക്കാനാവില്ല.

2. ഇത്തരമൊരു പൊതുസാഹചര്യത്തിൻെറ വെളിച്ചത്തിൽ വേണം 47-ൽ ഇന്ത്യയിൽനടന്ന അധികാരകൈമാററത്തെ വിലയിരുത്താൻ. മുമ്പ് സാമ്രാജ്യത്വം അതിൻെറ ചൂഷണത്തിനുള്ള സാമൂഹ്യാടിത്തറയായി ഫ്യൂഡലിസത്തെ ഉപയോഗപ്പെടുത്തിയിരുന്നു. അതിൻെറതന്നെ വിപുലനത്തിൻെറ ഭാഗമായും വളർന്നുവന്ന കാർഷികസമരങ്ങളുടെ ഫലമായും പഴയ അവസ്ഥയിൽനിന്ന് വ്യത്യസ്തമായി പുത്തൻ കൊളോണിയൽ ക്രമത്തിനകത്തുതന്നെ ഫ്യൂഡൽ ഉല്പാദന ക്രമത്തിൽ മാററം സാദ്ധ്യമാക്കിത്തീർത്തു. ഇന്ത്യയിലും ഈ പൊതുപ്രക്രിയയുടെ ഭാഗമായി പ്രത്യേകിച്ചും അറുപതുകൾക്കു ശേഷം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ മുതലാളിത്തപരമായ കാർഷിക ഉല്പാദനബന്ധങ്ങൾ രൂപംകൊണ്ടുവരികയും പലയിടങ്ങളിലും പ്രമുഖ സ്ഥാനത്തേക്കു വരികയും ചെയ്തു. ഇന്ത്യയെ മൊത്തത്തിലെടുക്കുമ്പോൾ ഈ പ്രക്രിയ പൂർണ്ണമായും പൂർത്തീകരിക്കപ്പെട്ട

എന്നു പറയാൻ കഴിയില്ലെങ്കിൽത്തന്നെയും ഇതാണ് ഇന്ത്യയിൽ വളർന്നു വരുന്ന പ്രവണത. മുഖ്യമായും പുത്തൻ കൊളോണിയൽ ചൂഷണക്രമത്തിനനുസൃതമായി മാററിയെടുക്കപ്പെട്ട ഈ സാമൂഹ്യ പരിവർത്തനങ്ങൾ സമ്പദ്ഘടനയിന്മേലും ഉല്പാദനക്രമത്തിന്മേലും ഗുരുതരമായ ആഘാതങ്ങളേല്പിച്ചിട്ടുണ്ട്.

3. ബ്രിട്ടീഷുകാരുടെ ഭരണതാല്പര്യങ്ങൾക്കനുസൃതമായി സാമ്രാജ്യത്വശക്തിയാൽ കേന്ദ്രീകരിക്കപ്പെട്ട ഇന്ത്യയിൽ 47-നു മുമ്പുതന്നെ വികാസം പ്രാപിച്ചുതുടങ്ങിയിരുന്ന ദേശീയ താല്പര്യങ്ങളെ അതിനുശേഷം വന്ന ഭരണകൂടവും കേന്ദ്രീകൃത അധികാരത്തിൻകീഴിൽ ഞെരിച്ചമർത്തുകയാണുണ്ടായതു്. 47–നുമുമ്പുതന്നെ സാമ്രാജ്യത്വമേധാവിത്വ ശക്തികളുമായി ഐക്യപ്പെട്ടുകഴിഞ്ഞിരുന്ന അഖിലേന്ത്യാ കുത്തകബൂർഷ്വാസിയും, ഉദ്യോഗസ്ഥ മേധാവിത്തവൃന്ദവും സാമ്രാജ്യത്വത്തിന്റെ കാവൽഭടന്മാരായി ഇന്ത്യൻ ഭരണകൂടത്തിലെ നിർണ്ണായക ശക്തികളായി 47–നുശേഷം തുടരുകയാണുണ്ടായതു്. കാർഷികമേഖലയിലെ പുതിയ വികാസങ്ങളുടെ ഫലമായി രൂപം കൊള്ളുകയും ശക്തിപ്പെടുകയും ചെയ്യുന്ന കാർഷിക ബൂർഷ്വാസിയും, ചെറുതും ഇടത്തരവുമായ പ്രാദേശിക ബൂർഷ്വാസിയും ഈ അഖിലേന്ത്യാ കുത്തകവിഭാഗങ്ങളുമായി പ്രകടമായിത്തന്നെ വൈരുദ്ധ്യങ്ങൾ വളർന്നുവന്നിട്ടുണ്ട്. വളരെ സാമാന്യമായിപ്പറഞ്ഞാൽ ഇന്നു് വിവിധ സംസ്ഥാനങ്ങളിൽ ഉയർന്നുവന്നിട്ടുള്ള ദേശീയപ്രശ്നങ്ങളുടെ വർഗ്ഗപരമായ അടിസ്ഥാനം ഇവിടെയാണ് കണ്ടെത്താനാവുക.

4. രണ്ടാം ലോകയുദ്ധത്തിനുശേഷം പിന്തള്ളപ്പെട്ടുപോയ ബ്രിട്ടനെ പുറകിലാക്കിക്കൊണ്ടു്, 50 കളിലും അറുപതുകളിലുമായി അമേരിക്കൻ സാമ്രാജ്യത്വവും സോവിയററ് സോഷ്യൽ സാമ്രാജ്യത്വവും ഇന്ത്യയിൽ കടന്നുവരികയും ഇവിടെ പ്രാബല്യമുറപ്പിക്കുകയും ചെയ്തു. ഈ സാമ്രാജ്യത്വശക്തികളും, ദല്ലാൾ സ്വഭാവമുള്ള അഖിലേന്ത്യാ വ്യാപാരി ബൂർഷ്വാസി അടക്കമുള്ള അഖിലേന്ത്യാ കുത്തക ബൂർഷ്വാസിയും ഉദ്യോഗസ്ഥ മേധാവിത്ത ബൂർഷ്വാസിയും തമ്മിലുള്ള കൂട്ടുകെട്ടാണ് പൊതുവിൽ ഇന്നു് കേന്ദ്രഭരണകൂടത്തെ പ്രധാനമായും നിയന്ത്രിക്കുന്നതു്. എന്നാലീത്തരമൊരു വിശകലനം മാത്രം ഇന്ത്യൻഭരണകൂടത്തിന്റെ പൂർണ്ണമായ വിലയിരുത്തലിന് പര്യാപ്തമാവുകയില്ല. ഇപ്പോഴും നിലനില്ക്കുന്ന ഫ്യൂഡൽ ബന്ധങ്ങളും ഇന്ത്യൻ മുതലാളിത്തത്തിൽത്തന്നെ ഘനീഭവിക്കപ്പെട്ടു കിടക്കുന്ന ഫ്യൂഡൽ അവശിഷ്ടങ്ങളും, ഭരണവർഗ്ഗങ്ങളുടെ ശാക്തികബന്ധങ്ങൾക്കിടയിൽ ഭരണകൂടം തന്നെ കൈവരിച്ചിട്ടുള്ള പ്രാധാന്യവുമടക്കം പല ഘടകങ്ങൾ ഇനിയും ആഴത്തിൽ കൂലങ്കഷമായ പരിശോധനക്കു വിധേയമാക്കേണ്ടതുണ്ട്.

5. ഭാഗികവും സാമ്രാജ്യത്വതാല്പര്യങ്ങൾക്കനുസൃതവുമായ ഫ്യൂഡൽ ബന്ധങ്ങളുടെ പരിവർത്തനം ഒരു പരിധിവരെ വികൃതമാക്കപ്പെട്ട മുതലാളിത്ത കൂലിയുടമാബന്ധമാണ് ഇവിടെ സൃഷ്ടിച്ചിട്ടുള്ളതു്. ഇതു് ഇന്ത്യയിലിനിയും പൂർത്തീകരിക്കാനിരിക്കുന്ന ജനാധിപത്യവിപ്ലവത്തിന്റെ കടമകളെ വ്യക്തമാക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ രൂപം കൊണ്ടുവന്നിട്ടുള്ള മൂലധന സാന്ദ്രമായ വ്യവസായങ്ങളും ചെറുകിട പരമ്പരാഗത വ്യവസായങ്ങളും തമ്മിലുള്ള ബന്ധത്തിലും, വ്യവസായവും കൃഷിയും തമ്മിലുള്ള ബന്ധത്തിലുമെല്ലാം അടക്കം ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന വികാസ

ത്തിൻെറ ഏതാണ്ട് എല്ലാ അംശങ്ങളിലും അസന്തുലിത സവിശേഷീകരണം നമുക്കു കാണുവാനാകും. ദേശീയ വിഭവലഭ്യതകളുടേയും ദേശീയ ആവശ്യങ്ങളുടേയും താല്പര്യങ്ങളുടേയും അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെടുന്ന സന്തുലിതവും സമഗ്രവുമായ ഒരു വികാസത്തെ പുത്തൻകൊളോണിയൽ ചൂഷകോല്പാദനക്രമം തടസപ്പെടുത്തുന്നു എന്നതുകൊണ്ടു തന്നെ ഇന്നു ദേശീയതകളുടെ സ്വയം നിർണ്ണയനപ്രക്രിയ ഇന്ത്യൻ വിപ്ലവത്തിൻെറ അവിഭാജ്യഘടകമായിത്തീരുന്നു. ഇത്തരമൊരു പ്രക്രിയക്കു തടസ്സമായി നിൽക്കുന്നതും അതിനു നേരിടാനുള്ളതും പ്രധാനമായും ഭരണകൂടത്തേയും അതിൻെറ പിണിയാളുകളെയും ആണെന്നതുകൊണ്ടുതന്നെ ഇതുനേടാനാകുന്നതു് ഒരേസമയം സാമ്രാജ്യത്വത്തിനും ആഭ്യന്തര പിന്തിരിപ്പത്വത്തിനും എതിരായ സമരത്തിലൂടെയാണ്. മുഖ്യമായും ബൂർഷ്വാ ജനാധിപത്യവിപ്ലവം ഉള്ളടക്കമായിക്കൊണ്ടുള്ള ദേശീയ വിമോചനത്തിൻേറതായ ഈ കടമ പഴയ രീതിയിലുള്ള ദേശീയ ജനാധിപത്യ വിപ്ലവമാകുക സാധ്യമല്ലാത്തതും മറിച്ച് ഒക്ടോബർ സോഷ്യലിസ്റ്റു വിപ്ലവത്തിൻേറയും ചൈനീസ് വിപ്ലവത്തിൻേറയും ഭാഗവും തുടർച്ചയും തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽമാത്രം പൂർത്തീകരിക്കാൻ ആവുന്നതുമാണ്.

6. ഇന്ത്യയുടെ മേല്പറഞ്ഞ സവിശേഷതകൾ കൊണ്ടുതന്നെ ഇന്ത്യയുടെ പൊതുവായ വിമോചനത്തോടൊപ്പം ഓരോ ദേശീയ ജനവിഭാഗങ്ങളുടേയും വിമോചനത്തിൻെറ പ്രശ്നം മുന്നോട്ടുവരുന്നു. മാത്രവുമല്ല, ദേശീയതകളുടെ വിമോചനപ്രക്രിയയിലൂടെയേ ഇന്ത്യയുടെ പൊതുവായ വിമോചനം സാധ്യമാവുകയുള്ളു. ഈ കടമ പൂർത്തീകരിക്കുന്ന പ്രക്രിയയാകട്ടെ മുഖ്യമായും സാമ്രാജ്യത്വ, പിന്തിരിപ്പൻ താല്പര്യങ്ങളിൽ ഊന്നിനില്ക്കുന്ന ഇന്ത്യയുടെ ഇന്നത്തെ കൃത്രിമവും അടിച്ചേല്പിച്ചതുമായ കേന്ദ്രീകൃതഘടനയെ തകർക്കാതെ സാധ്യമാവുകയും ഇല്ല. ഓരോ ദേശീയതകളുടേയും ദേശീയ സ്വയം നിർണ്ണയാവകാശം ഉറപ്പുവരുത്തുന്നതും, സാമ്രാജ്യത്വവിരുദ്ധ സമരങ്ങളിലൂടെ പരസ്പര ബഹുമാനത്തിൻേറയും സാഹോദര്യത്തിൻേറയും അടിസ്ഥാനത്തിൽ വളർത്തിയെടുക്കാവുന്നതുമായ ഒരു പൊതുവായ ഐക്യത്തിൻെറ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്ന ഒരു ഫെഡറൽ ഇന്ത്യ നിലവിൽവരുത്തുക എന്നതു് ഇന്നു് തൊഴിലാളിവർഗ്ഗത്തിൻെറ മുന്നിലുള്ള കേന്ദ്രകടമകളിൽ ഒന്നാണ്. ഇന്നത്തെ ആഗോള അടിസ്ഥാനത്തിൽത്തന്നെ കേന്ദ്രീകരിക്കപ്പെട്ട സാമ്രാജ്യത്വ കുത്തകശക്തികൾക്കെതിരായ സമരത്തിൽ കഴിയാവുന്നത്ര വിപുലമായ ഐക്യം ദേശീയതകളുടെ പൊതു താല്പര്യമാകകൊണ്ടു് അത്തരം ഐക്യം സാധിച്ചെടുക്കേണ്ടതു് ഈ ഐക്യം ഒരുവിധത്തിലും നിർബന്ധിതമോ ദേശീയതകളുടെ തുല്യതയെയും പരസ്പരബഹുമാനത്തെയും ഹനിക്കുന്നതോ ആവാൻ പാടില്ലാത്തതുമാണ്. ഇതു് ഫെഡറൽ ഇന്ത്യ കെട്ടിപ്പടുക്കുന്നതിൻെറ മുന്നുപാധി മാത്രമല്ല, അതിൻെറ തുടർന്നുമുള്ള നിലനില്പിൻേറയും അടിസ്ഥാനമായി പരിഗണിക്കേണ്ടതാണ്.

7. ദേശീയ വിമോചനത്തിൻേറയും ജനാധിപത്യ വിപ്ലവത്തിൻേറയും കടമകളെ കൂട്ടിയിണക്കുന്ന ഈ ദേശീയ ജനാധിപത്യ വിപ്ലവം തൊഴിലാളിവർഗ്ഗനേതൃത്വത്തിലുള്ള പുത്തൻ ജനാധിപത്യവിപ്ലവത്തിൻെറ സാമ്രാജ്യത്വത്തിൻെറ പുത്തൻ കൊളോണിയൽ ഘട്ടത്തിലെ സവിശേഷരൂപമാണ്. പുത്തൻ ജനാധിപത്യവിപ്ലവത്തിൻെറ ഉള്ളടക്കമായിക്കാണുന്ന കാർഷിക വിപ്ലവത്തിനു് ഇന്ത്യയിലേതുപോലുള്ള പുത്തൻ കൊ

ളോണിയൽ അവസ്ഥയിൽ പുതിയതും സവിശേഷവുമായ രീതിയിൽ മൂരടിച്ചുനില്ക്കുന്ന കാർഷിക ബന്ധങ്ങളിലെ പരിവർത്തനത്തിന് പുതിയ സവിശേഷതകൾ കൈവരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, കൃഷിഭൂമി കർഷകന് ലഭ്യമാക്കുന്നതിലൂന്നിയ ചൈനയിലെ ജനാധിപത്യവിപ്ളവത്തിൽനിന്ന് വ്യത്യസ്തമായി ഇന്ന് കേരളത്തിലേതുപോലെ ജന്മിത്തബന്ധങ്ങൾക്ക് പരിവർത്തനം സംഭവിക്കുകയും എന്നാലതേസമയം കാർഷിക ഉല്പാദനത്തിൽ മുതലാളിത്ത രീതിയിലുള്ള സാമൂഹ്യവല്ക്കരണവും ഭൂകേന്ദ്രീകരണവും നടക്കാതിരിക്കുകയും ചെയ്യുന്ന, ഭൂമി തുണ്ടുതുണ്ടായിക്കിടക്കുന്ന അവസ്ഥയിൽ ഉല്പാദനവികാസത്തിന് പ്രധാന തടസ്സമായിരിക്കുന്ന സമ്പദ്ഘടനയ്ക്കുള്ള് ചൈനയിൽ ജനാധിപത്യ വിപ്ളവത്തിന്റെ സോഷ്യലിസ്റ്റ് വിപ്ളവത്തിലേക്കുള്ള പരിവർത്തനഘട്ടത്തിൽ മുന്നോട്ടു വച്ചിരുന്ന സഹകരണകൃഷിയും കൂട്ടുകൃഷിയുംപോലുള്ള സാമൂഹ്യവല്ക്കരണത്തിന്റേതായ മുദ്രാവാക്യങ്ങൾ ഈ ഘട്ടത്തിൽത്തന്നെ മുന്നോട്ടുവക്കുകയും വിപ്ളവത്തിന്റെ അടിയന്തിര കടമകളിലൊന്നായി കാണുകയും ചെയ്യേണ്ടിവരും. ഈ സവിശേഷതകൾ വിപ്ളവപ്രയോഗത്തിന്റെ മുന്നോട്ടുള്ള പ്രക്രിയയിലൂടെ പരിഹരിക്കാവുന്നതും വ്യക്തത കൈവരിക്കാവുന്നതുമായ പ്രശ്നങ്ങളായി കാണേണ്ടതാണ്.

8. കേരളം പുത്തൻ കൊളോണിയൽ പാതയിലുള്ള ഒരു പിന്നോക്ക സമ്പദ്‌വ്യവസ്ഥയാണ്. മുമ്പ് സൂചിപ്പിച്ചതുപോലെ, ഇന്ത്യയിലെ ബഹുദേശീയാവസ്ഥയിൽ പുത്തൻ കൊളോണിയൽ സമ്പദ്‌വ്യവസ്ഥയുടെ ചലനക്രമത്തിന്റെ ഭാഗമായി എല്ലാത്തരത്തിലുമുള്ള മുരടിക്കുന്ന സമ്പദ്ഘടനയും; അതിന്റെ ഭാഗമായ വികൃതവികാസവും, അവ സൃഷ്ടിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പ്രത്യാഘാതങ്ങളും ചേർന്ന് ഒരു ദേശീയത എന്ന നിലയിൽ കേരളം അങ്ങേയററം ഗൗരവാവഹമായ വെല്ലുവിളികളെ നേരിടുന്നു. ഇത്തരമൊരു പൊതുക്രമം തകർത്തു കൊണ്ടല്ലാതെ ഒരിക്കലും മുന്നോട്ടുപോകാനാവില്ലെന്ന അവസ്ഥയാണ് കേരളത്തിലിന്നുള്ളത്. ഇത് കേരളത്തിന്റെ ദേശീയപ്രശ്നത്തെ അങ്ങേയററത്തെ പ്രാധാന്യത്തോടുകൂടി ഇന്ന് മുന്നോട്ടുകൊണ്ടുവന്നിരിക്കുന്നു.

9, ഈ കടമ നിർവ്വഹിക്കുന്നതിനു മുമ്പേതന്നെ ചൂണ്ടിക്കാട്ടിയ അഖിലേന്ത്യാതലത്തിലെ ഭരണവർഗ്ഗങ്ങളോടും; സാമ്രാജ്യത്വങ്ങളോടുമൊപ്പം അവയോടു ബന്ധപ്പെട്ട നാടൻശത്രുവർഗ്ഗങ്ങളെയും എതിർത്തു പരാജയപ്പെടുത്തേണ്ടതുണ്ട്. കേരളത്തിൽ പ്രത്യേകമായി പ്രാമുഖ്യമുള്ള ശത്രുവർഗ്ഗങ്ങളിൽ പരമ്പരാഗതമേഖലയിലും, ഇറക്കുമതിമേഖലയിലും ആയി ബന്ധപ്പെട്ടു നില്കുന്ന, കേരളത്തിലെ വിദേശ അഖിലേന്ത്യാ കയററിറക്കുമതി മേഖലയിൽ പ്രവർത്തിക്കുന്ന വലിയൊരുവിഭാഗം ദല്ലാൾ വ്യാപാരമേഖലയുടെയും അതുമായി ബന്ധപ്പെട്ട ദല്ലാൾ വർഗ്ഗങ്ങളുടേയും വിഭാഗങ്ങളുടേയും പ്രാധാന്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. നാണ്യവിളകളുടേയും ഒരു പരിധിവരെ വിദേശ വിപണിയെ ആശ്രയിച്ചുനില്ക്കുന്ന പരമ്പരാഗത മേഖലകളുടെയും അഖിലേന്ത്യാ വിപണിയിലും വിദേശവിപണികളിലുമുള്ള ആശ്രിതത്വവും ഇതിന്റെ മറുവശത്ത് ഭക്ഷ്യവസ്തുക്കളടക്കമുള്ള അവശ്യവസ്തുക്കളുടെ ഇറക്കുമതിയും ഇത്തരമൊരു കൊള്ളവർഗ്ഗത്തെ കാര്യമായിത്തന്നെ നിലനിർത്തുന്നുണ്ട്. ഈ മേഖലയിൽത്തന്നെ പ്രവർത്തിക്കുന്ന സ്വകാര്യവ്യാപാരവിഭാഗമല്ലാത്ത, സർക്കാരുമായി ബന്ധപ്പെട്ടുനില്ക്കുന്ന വിവിധ ബോർഡുകളും, കോർപ്പറേഷനുകളും, ഡിപ്പാർട്ടുമെന്റുകളുംപോലുള്ളസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥമേധാവിത്ത

വിഭാഗം ഈ രംഗത്ത് കാര്യമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. പൊതുവിൽ ഇവരെല്ലാം വിപ്ലവത്തിന്റെ ശത്രുവർഗ്ഗങ്ങളാണ്. ദേശീയജനാധിപത്യ വിപ്ലവത്തിന്റെ കടമ നിർവ്വഹിക്കുന്നതിന് വിവിധ സാമ്രാജ്യത്വങ്ങളുടെ ആധിപത്യത്തേയും മുമ്പേതന്നെ ചൂണ്ടിക്കാട്ടിയ അഖിലേന്ത്യാതലത്തിലുള്ള ഭരണവർഗ്ഗങ്ങളേയും അവയോടു ബന്ധപ്പെട്ട നാടൻ ശത്രുവർഗ്ഗങ്ങളേയും എതിർത്ത് പരാജയപ്പെടുത്തേണ്ടതുണ്ട്.

10 വിപ്ലവത്തിന്റെ നേതൃത്വശക്തിയും സഖ്യശക്തിയും താഴെ പറയുന്നവയാണ്.

## A തൊഴിലാളിവർഗം

വിപ്ലവത്തിന്റെ നേതൃത്വശക്തിയായ തൊഴിലാളിവർഗ്ഗത്തെ താഴെ പറയുന്ന വിഭാഗങ്ങളായി വിഭജിക്കാവുന്നതാണ്.

### a ആധുനിക വ്യവസായ തൊഴിലാളികൾ

പൊതുവിൽ തൊഴിലാളിവർഗ്ഗം വിപ്ലവത്തിന്റെ നേതൃത്വശക്തിയായിരിക്കുമ്പോൾ തന്നെ അവരിൽ ഏറ്റവും സംഘടിതരും ഏറ്റവും ആധുനികമായ മേഖലയിൽ പ്രവർത്തിക്കുന്നവരുമാണ് ഈ വിഭാഗം. അതേസമയം ഇവരുടെ പ്രാധാന്യത്തിനനുസൃതമായ വിപ്ലവപരമായ ഉത്തരവാദിത്വത്തിലേക്ക് നയിക്കാൻ കഴിയണമെങ്കിൽ ഇവരുടെ ഇന്നത്തെ അവസ്ഥയിൽനിന്നുതന്നെ തുടങ്ങേണ്ടതുണ്ട്. പുത്തൻ കൊളോണിയൽ അവസ്ഥ സൃഷ്ടിച്ചിട്ടുള്ള സ്വാധീനങ്ങൾ ഈ വിഭാഗത്തിൽ സ്വയം പ്രകടമാണ്. തൊഴിലാളിവർഗ്ഗ പ്രഭുത്വം എ പൊതുവായ വിലയിരുത്തലിനകത്തുമാത്രമായി ഇന്നതിനെ കാണാനാവില്ല. പുത്തൻ കൊളോണിയൽ വികാസത്തിന്റെ പല വൈകൃതങ്ങളും ഈ വിഭാഗത്തിന്റെ വിപ്ലവപരമായ സ്വഭാവത്തിൽ അതിന്റേതായ മുദ്രപതിപ്പിക്കുന്നുണ്ട്. തൊഴിലില്ലായ്മ അടക്കം പൊതുവായ സാമ്പത്തിക സാമൂഹ്യപാപ്പരത്വത്തിനകത്ത് ഈ വിഭാഗത്തിന് ലഭ്യമായിരിക്കുന്ന താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക സാമൂഹ്യസ്ഥാനം, വിപ്ലവപരമായ ഒരു സാമൂഹ്യപരിവർത്തനത്തിന്റെ ഭാഗമായിട്ടല്ലാതെ രൂപംകൊണ്ടുവന്നിട്ടുള്ള ഈ വിഭാഗത്തിനകത്ത് പഴയ ഫ്യൂഡൽ പാരമ്പര്യത്തിന്റെ തുടർച്ചയായ ജാതീയതയുടെ അടക്കം അവശിഷ്ടങ്ങളും ചേരിതിരിവുകളും ഗ്രാമങ്ങളിലുള്ള തകർന്ന ഫ്യൂഡൽ കുടുംബങ്ങളുടെയും മറ്റും ചൂഷക വർഗ്ഗാടിത്തറയോടൊപ്പം താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക അവസ്ഥ സൃഷ്ടിക്കുന്ന ചെറുകിട ചൂഷണസാദ്ധ്യതകൾ, ഇവയെല്ലാം അടക്കം പല സവിശേഷതകൾ ഈ വിഭാഗത്തിന്റെ ലളിതമായ വർഗ്ഗവിശകലനത്തെ അപര്യാപ്തമാക്കി തീർക്കുന്നു. ഈ സവിശേഷതകളെല്ലാം പൊതുവായ തൊഴിലാളിവർഗ്ഗത്തിനകത്തെ ഒരു വിഭാഗമെന്നനിലയിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നതിലെ ഇവയുടേതുമാത്രമായ പങ്കിനെ പരിമിതപ്പെടുത്തുന്നുണ്ട്.

**b** പരമ്പരാഗത വ്യവസായ തൊഴിലാളികൾ: മുരടിച്ചതും ക്ഷയോന്മുഖവുമായ പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളികൾ ഈ മേഖലയുടെ ദുസ്ഥിതിയുടെ ഏറ്റവും പ്രധാന ഇരകളാണ്. തൊഴിൽസ്ഥിരത ഇല്ലാത്തവരും അങ്ങേയറ്റം പാപ്പരായവരും വളരെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉള്ളവരും, ആയ ഈ വിഭാഗത്തിന് സാമൂഹിക പരിവർത്തനം നിർബന്ധിതവും അടിയന്തിരവുമായ ആവശ്യമായിരിക്കുന്നു.

എന്നാൽ അതേസമയം തന്നെ മുതലാളിത്തത്തിന്റെ സവിശേഷതയായ ഉല്പാദനത്തിന്റെ ഉയർന്ന സാമൂഹികവല്ക്കരണത്തിന്റെ അഭാവവും കൂലി ഉടമ ബന്ധം നിലനില്ക്കുമ്പോഴും തന്നെ പല സവിശേഷതകളും ഉൾക്കൊള്ളുന്ന അവയുടെ സാമൂഹിക അവസ്ഥ ഇന്ന് ഈ വിഭാഗത്തിന്റെ നേതൃത്വപരമായ ശേഷിയിൽ കാതലായ പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്. നാല്പതുകളിലും അമ്പതുകളുടെ ആദ്യത്തിലും താരതമ്യേന കേന്ദ്രീകൃതമായിരുന്ന ഉല്പാദന പ്രക്രിയയുടെ അവസ്ഥയിൽ കേരളത്തിലെ സാമൂഹിക മുന്നേറ്റത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച ഈ വിഭാഗത്തിന് ഇന്നു വന്നിട്ടുള്ള മാറ്റം പൊതുവിൽ പരമ്പരാഗത മേഖലയിൽ തുടർന്നുണ്ടായ തുണ്ടുതുണ്ടാക്കൽ പ്രക്രിയയും ആയി ബന്ധപ്പെടുത്തിക്കൂടി വീക്ഷിക്കേണ്ടതുണ്ട്.

C കർഷകത്തൊഴിലാളികൾ: മുമ്പുപറഞ്ഞ തരത്തിലുള്ള പുത്തൻ കൊളോണിയലിസത്തിന്റെ സവിശേഷതകളോടുകൂടിയ സാമൂഹിക പരിവർത്തനത്തിന്റെ ഭാഗമായി രൂപം കൊള്ളുകയും നിലനിൽക്കുകയും ചെയ്യുന്ന കർഷക തൊഴിലാളിവർഗ്ഗം പരമ്പരാഗത മേഖലയിലേതുപോലെ തന്നെ ഉല്പാദനത്തിന്റെ മുരടിപ്പും തുണ്ടുതുണ്ടാക്കൽ പ്രക്രിയയും സൃഷ്ടിക്കുന്ന പരിമിതികൾ അഭിമുഖീകരിക്കുന്നുണ്ട്. ഇതോടൊപ്പം ജാതീയമായ ബന്ധങ്ങൾ കൂടി ഇന്നും ഈ മേഖലയിൽ പ്രകടമായി തന്നെ നിലനില്ക്കുന്നുണ്ട്. ഇതിൽതന്നെ എസ്റ്റേറ്റ് മേഖലയിലെ താരതമ്യേന സംഘടിതമായ തൊഴിലാളി വിഭാഗത്തിന്റെ പ്രശ്നവും പൊതുവിൽ നാണ്യവിളമേഖലയിലെയും ധാന്യവിളമേഖലയിലെയും തൊഴിലാളികൾ തമ്മിലുള്ള അന്തരവും എല്ലാം ഇതോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്.

## B കർഷക വർഗങ്ങൾ

സാമ്രാജ്യത്വ, അഖിലേന്ത്യ, കുത്തക ഉടമസ്ഥതയിലുള്ള എസ്റ്റേറ്റുകളുടെ ഉടമ വിഭാഗത്തെ മാറ്റി നിർത്തിയാൽ പൊതുവിൽ കാർഷിക മേഖല ഒന്നാകെ ഇന്ത്യയിലെ പുത്തൻ കോളോണിയൽ ചൂഷണത്തിന്റെ ഇരകളാക്കപ്പെടുന്നുണ്ട്. കേരളത്തിലെ കാർഷിക മുതലാളിത്തം പുത്തൻ കൊളോണിയൽ വികാസത്തിന്റെ ഭാഗമായിക്കൂടി രൂപമെടുത്തതാണെന്നതുകൊണ്ടും കേരളത്തിലെ നാണ്യവിളകളുടെ പ്രത്യേക സവിശേഷതകൾ നിമിത്തവും സാമ്രാജ്യത്വ വിപണികളുമായുള്ള കെട്ടുപിണയലുകളും മൂലവും പൊതുവിൽ ചെറുകിട ഇടത്തരം വിഭാഗങ്ങൾ ഒഴിച്ചുള്ള ഇതിലെ ധനിക, കർഷക മുതലാളി വിഭാഗം വിപ്ലവത്തിന്റേയും പ്രതിസന്ധികളുടെയും നിർണ്ണായക ഘടകങ്ങൾ ഒഴിച്ചുനിർത്തിയാൽ പൊതുവിൽ പിന്തിരിപ്പത്വത്തെ താലോലിക്കുന്നവരാണ്. ചെറുതും ഇടത്തരവുമായ കർഷക വിഭാഗത്തോടൊപ്പം പൊതുവിൽ പുരോഗമനപരവും ദേശീയ സ്വഭാവമുള്ളതുമായ ഇതിലൊരു വിഭാഗത്തെ പ്രത്യേകിച്ചും ധനിക കർഷകരിലൊരു വിഭാഗത്തെ വിപ്ലവപക്ഷത്തേക്കു നേടി എടുക്കുവാൻ നാം ശ്രമിക്കേണ്ടതുണ്ട്. എന്നാൽ അതേ സമയം ഈ വിഭാഗങ്ങൾക്കിടയിലുള്ള സമരത്തിന്റെ പ്രാധാന്യത്തെ നാം കുറച്ചു കാണുകയുമരുത്.

## C തൊഴിലില്ലാപ്പട

കാർഷിക പരമ്പരാഗത വ്യാവസായിക മേഖലയുടെ തകർന്നുകൊണ്ടിരിക്കുന്ന അവസ്ഥയും പൊതുവായ ഉല്പാദന രംഗത്തെ മാന്ദ്യത്തോടൊപ്പം

അശാസ്ത്രീയമായ യന്ത്രവല്ക്കരണവും സൃഷ്ടിക്കുന്ന പൂൎണ്ണമായി തൊഴിലില്ലാത്തവരും ഭാഗികമായി മാത്രം തൊഴിലുള്ളവരും ഉൾപ്പെടുന്ന വമ്പിച്ച തൊഴിലില്ലാപ്പട എന്നു പൊതുവേ വിളിക്കാവുന്ന വിഭാഗം പുത്തൻ കൊളോണിയൽ ചൂഷണവ്യവസ്ഥ തൊഴിൽരംഗത്തു സൃഷ്ടിച്ചിട്ടുള്ള കരുതൽ സേന കൂടിയാണു്. അഭ്യസ്തവിദ്യരുടെ ഇടയിൽനിന്നു് നിരന്തരം സൃഷ്ടിക്കപ്പെടുന്ന വലിയ വിഭാഗം തൊഴിൽ അന്വേഷകരേയും ഇതിൽ ഉൾപ്പെടുത്താവുന്നതാണു്. ഉല്പാദന പ്രക്രിയയിൽനിന്നു് ഏറെക്കുറെ പൂൎണ്ണമായി മാററിനിൎത്തപ്പെടുന്ന അവസ്ഥ സൃഷ്ടിക്കുന്ന ഗുരുതരമായ പരിമിതികൾ ഈ വിഭാഗത്തിനുണ്ടു്. അതേ സമയം സാമ്രാജ്യത്വ ചൂഷണത്തിന്റെയും ദേശീയ അടിച്ചമൎത്തലിന്റെയും ഫലമായി സൃഷ്ടിക്കപ്പെടുന്ന, ബഹുഭൂരിപക്ഷവും യുവാക്കളായ ഈ വിഭാഗത്തെ ശരിയായി സംഘടിപ്പിക്കാനും രാഷ്ട്രീയമായി നയിക്കാനും കഴിഞ്ഞാൽ സാമ്രാജ്യത്വ വിരുദ്ധ ദേശീയ ജനാധിപത്യവിപ്ലവത്തിൽ ഒരു പ്രധാന പങ്കുവഹിക്കാൻ ഈ വിഭാഗത്തിനു കഴിയും.

## D ലുമ്പൻ തൊഴിലാളിവർഗം

നാണ്യവിള മേഖലയുടെ ഭാഗമായ കയററിറക്കുമതിയുടേയും പൊതുവിൽ വ്യാപാരമേഖലകളുടേയും പ്രാധാന്യം മൂലം കേരളത്തിൽ ഈ വിഭാഗം വലിയൊരു ശക്തിയാണു്. താരതമ്യേന സംഘടിതമായ ഈ വിഭാഗം വിപ്ലവപരമായ സമരങ്ങളുടെയും ശരിയായ വിദ്യാഭ്യാസത്തിന്റെയും അഭാവത്തിൽ ഇന്നു് ഒരു പരിധിവരെ പ്രതിവിപ്ലവശക്തികളുടെ കൈകളിൽ കളിക്കുന്നവരാണെങ്കിലും ഈ വിഭാഗത്തേയും വിപ്ലവത്തിന്റെ പക്ഷത്തേക്കു് നേടി എടുക്കേണ്ടതുണ്ടു്.

## E സർക്കാർ, സർവ്വീസ് മേഖലയിലെ ജീവനക്കാർ

കേന്ദ്ര—സംസ്ഥാന സർക്കാർ ജീവനക്കാരും ഗതാഗതം, വാൎത്താവിനിമയം, വിദ്യുച്ഛക്തി, വിദ്യാഭ്യാസം, ചികിത്സാരംഗം, ബാങ്കിംഗ് വ്യാപാര സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ഉള്ള സർവ്വീസ് ജീവനക്കാരും മാനസികവും കായികവുമായ അദ്ധ്വാനം വില്ക്കുന്നതിലൂടെ തൊഴിലാളിവൎഗ്ഗസ്വഭാവം ഉള്ളവരായിരിക്കുമ്പോൾതന്നെ വ്യാവസായിക മേഖലയിലെ തൊഴിലാളികളെപ്പോലെ പുത്തൻ കൊളോണിയൽ വികാസം സൃഷ്ടിച്ചിട്ടുള്ള ആന്തരിക വൈരുദ്ധ്യത്തിനു് വിധേയരും ആണു്. നിരവധി ലക്ഷം വരുന്ന ഇവരിൽ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ചെറുകിട ഉദ്യോഗസ്ഥ വിഭാഗം പുത്തൻ കൊളോണിയൽ സവിശേഷതകൾ ഉൾക്കൊള്ളുന്നതും അടിമുടി അഴിമതിഗ്രസ്തവുമായ ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ അനുബന്ധം കൂടിയാണെന്നതും ഇവരുടെ സ്വഭാവത്തെ നിൎണ്ണയിക്കുന്ന ഒരു പ്രധാന ഘടകമാണു്. ഇന്നു് ഇവരിൽ ബഹുഭൂരിപക്ഷം സംഘടിതരാണെങ്കിലും നേതൃത്വം പരിഷ്കരണ, തിരുത്തൽ വാദ ശക്തികളുടെ കയ്യിലാണു്. ഇവർ ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ അനുബന്ധം ആയിരിക്കുമ്പോൾ തന്നെ അതിന്റെ ബഹുവിധേന ഉള്ള അടിച്ചമൎത്തലുകൾക്കും മാനസികവും ശാരീരികവുമായ അദ്ധ്വാനം വില്ക്കുന്നതുവഴി ചൂഷണത്തിനും വിധേയരാണു്. അതുകൊണ്ടുതന്നെ അവർ ഭരണകൂടവുമായി വൈരുദ്ധ്യത്തിൽ വൎത്തിക്കുകയും വിപ്ലവത്തിന്റെ സഖ്യശക്തിയായി മാറുകയും ചെയ്യുന്നു.

## F വിദ്യാർത്ഥികൾ

സാക്ഷരതയിൽ ഏററവും മുന്നിൽനില്ക്കുന്ന കേരളത്തിലെ 5–14 പ്രായപരിധിയിലുള്ളവരിൽ 90 ശതമാനവും 14–20 പ്രായപരിധിയിലുള്ളവരിൽ 65 ശതമാനവും വിദ്യാത്ഥികൾ ആണ്. ഇപ്പോൾ ഇവരുടെ സംഖ്യ മൊത്തം ജനസംഖ്യയുടെ $\frac{1}{3}$ഭാഗം വരും. തീർത്തും ഒരു പുത്തൻ കൊളോണിയൽ വിദ്യാഭ്യാസപദ്ധതിയുടെ ഇരകളാണിവർ. ഇന്നത്തെ പിന്തിരിപ്പൻ തിരുത്തൽവാദ സ്വാധീനത്തിൽനിന്ന് മോചിപ്പിച്ച് ദേശീയവും ജനാധിപത്യപരവുമായ ഒരു വിദ്യാഭ്യാസനയത്തിനുവേണ്ടിയുള്ള സമരത്തിൽ ഇവരെ അണിനിരത്താൻ കഴിഞ്ഞാൽ യുവാക്കളോടൊപ്പം ഇവക്ക് ഇവിടത്തെ ദേശീയ നവോത്ഥാനത്തിലും സാമ്രാജ്യത്വ വിരുദ്ധസമരത്തിലും ഒരു പ്രധാന പങ്കു വഹിക്കുവാൻ കഴിയും.

## G ചെറുകിട, ഇടത്തരം, മുതലാളിവർഗ്ഗം

പുത്തൻ കൊളോണിയൽ സമ്പദ്ഘടനയുടെ ക്രമത്തിനകത്ത് വളർന്നുവരുന്നവരും അതിന്റെ അനുബന്ധമായി നിലനില്ക്കുന്നവരുമാണെങ്കിലും ഈ വിഭാഗം പൊതുവിൽ അഖിലേന്ത്യാ, സാമ്രാജ്യത്വ കുത്തകശക്തികളുടെയും ഭരണകൂടത്തിന്റെയും വിവിധതരം ഞെരുക്കലുകൾക്ക് വിധേയമാക്കപ്പെടുന്നുണ്ട്. മാത്രമല്ല ഇവർ പലപ്പോഴും പാപ്പരീകരിക്കപ്പെടുന്നുമുണ്ട്. ഇവയിലെ ചെറുകിട ഇടത്തരം വ്യാപാരിവഗ്ഗത്തേയും, പരമ്പരാഗതവ്യവസായ മേഖലയിലെ മുതലാളിമാരേയും ചെറുകിട സ്വത്തുടമകളേയുമെല്ലാം വേർതിരിച്ച് കാണേണ്ടതുണ്ട്. പൊതുവിൽ സാമ്രാജ്യത്വ അഖിലേന്ത്യാ ബൂർഷ്വാ വിഭാഗങ്ങളെ വല്ലവിധേനയും ആശ്രയിച്ചുകൊണ്ടു നില്ക്കുന്നു എന്നതുകൊണ്ടുതന്നെ ഇവയുമായി ഏതെങ്കിലും തരത്തിൽ ഒത്തുതീർപ്പുകളിലെത്തി പിടിച്ചുനില്ക്കുവാനുള്ള തൃഷ്ണ വളരെ കൂടുതലാണെങ്കിലും പലവിധ ഞെരുക്കങ്ങൾമൂലം പാപ്പരീകരിക്കപ്പെടുകയും വികാസം മുരടിക്കുകയും ചെയ്യുന്ന ഈ വിഭാഗത്തിലെ ഗണ്യമായ ഒരു വിഭാഗം വിപ്ലവത്തിന്റെ വികാസത്തോടൊപ്പം വിപ്ലവത്തിന്റെ പക്ഷത്തേക്കു വരുന്നതാണ്. ഇന്ത്യയിലെ ബഹുദേശീയാവസ്ഥയും, അതിന്റെ ഭാഗമായി അടിച്ചമത്തൽ അനുഭവിക്കുന്ന അവസ്ഥയും (ഇന്ത്യയിലും കേരളത്തിലും) ദേശീയ വിമോചനത്തിന്റേതായ ഈ ഘട്ടത്തിൽ ഇവക്കുള്ള പങ്കിന്റെ പ്രാധാന്യത്തെ വദ്ധിപ്പിക്കുന്നുണ്ട്. ഇവക്കെല്ലാം പുറമെ മററ് പുരോഗമന ദേശീയ ജനാധിപത്യ ശക്തികളെയും വിഭാഗങ്ങളെയും വ്യക്തികളെയുമെല്ലാം വിപ്ലവത്തിന്റെ മിത്രങ്ങളായി കണക്കാക്കേണ്ടതാണ്.

## 11 a) സ്ത്രീകളുടെ പ്രശ്നം

വഗ്ഗപരവും ജാതീയവുമെല്ലാമായ അടിച്ചമത്തലുകൾക്കു പുറമെ പുരുഷമേധാവിത്വത്തിന്റെകൂടെ ബലിയാടുകളാണ് ഇന്ന് സ്ത്രീകൾ. ശാരീരികവും മാനസികവുമായി, സ്വാതന്ത്ര്യത്തിന്റെ വെളിച്ചമേല്ക്കാതെ സ്ത്രീകൾ ഇന്നത്തെ പുരുഷമേധാവിത്വത്തിലധിഷ്ഠിതമായ കുടുംബ സ്ഥാപനങ്ങൾക്കകത്ത് പീഡിപ്പിക്കപ്പെടുന്നു. മനുഷ്യരാശിയുടെ ഈ പകുതിയുടെ വിമോചനത്തിന്റെ പ്രശ്നവുമായി ബന്ധിപ്പിച്ചുകൊണ്ടല്ലാതെ ഏതൊരു സാമൂഹ്യമാററവും അസാദ്ധ്യമാണ്. മാത്രമല്ല പുരുഷമേധാവിത്വപരമായ ഇന്നത്തെ കുടുംബഘടന വ്യവസ്ഥാപിത ക്രമത്തെ പുനരുല്പാദിപ്പിച്ചുറപ്പിക്കുന്ന ഒരു സ്ഥാപനം കൂടിയാണ്. ഇതര സാമൂഹ്യവർഗ്ഗങ്ങളെ

എന്നതിലുപരി സ്വന്തം പ്രകൃതിയുടെ നേരെ തന്നെയുള്ള ഈ മേധാവിത്തപരമായ അടിച്ചമർത്തലും കുടുംബഘടനയും സമൂഹത്തിന്റെയും പൊതുവിൽ മനുഷ്യരാശിയുടെയും പുരുഷന്റെ തന്നെയും ആത്മീയ അടിമത്തത്തിന്റെ ഏററവും പ്രകടമായ പ്രശ്നമാണു്. മതപരവും സാമൂഹ്യആചാരപരവുമെല്ലാമായി സ്ത്രീകൾക്കേർപ്പെടുത്തിയിരിക്കുന്ന എല്ലാ വിലക്കുകളും ഇല്ലാതാക്കുകയും, സ്ത്രീധനവും സ്വത്തവകാശങ്ങളിലുള്ള വിലക്കുകളുമടക്കം സ്ത്രീകളെ രണ്ടാംകിടയാക്കി മാററുന്നതു് ഇല്ലാതാക്കുകയും, തുല്യജോലിക്കു് തുല്യവേതനം ഉറപ്പുവരുത്തുകയും, സ്ത്രീയെ ഒരു ഉപഭോഗ വസ്തുവായിക്കാണുന്ന സംസ്കാരത്തിനെതിരെ പൊരുതുകയും, സാമൂഹ്യജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീക്കു് പുരുഷനു തുല്യമായ സ്ഥാനവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതും ദേശീയ ജനാധിപത്യവിപ്ലവത്തിന്റെ കടമയാണു്. ഉല്പാദനമേഖലയിലെ വർഗ്ഗഘടനയുമായി കെട്ടുപിണഞ്ഞുകിടക്കുന്ന സമൂഹത്തിന്റെ പ്രത്യുല്പാദന ബന്ധങ്ങൾ സങ്കീർണ്ണവും നീണ്ടുനില്ക്കുന്നതും ബഹുമുഖവുമായ ഒരു വിപ്ലവീകരണ പ്രക്രിയയിലൂടെ മാത്രമേ ഇല്ലായ്മ ചെയ്യാനാകൂ.

b ജാതിമതഘടനക്കെതിരായ സമരം

കേരളത്തിലെ വർഗ്ഗബന്ധങ്ങൾ നല്ലൊരു പരിധിവരെ ജാതിമതഘടനയുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. കഴിഞ്ഞ നൂററാണ്ടിൽ തന്നെ ഉദയം ചെയ്ത മുതലാളിത്ത ഉല്പാദനബന്ധങ്ങളുടേയും, അതോടു ബന്ധപ്പെട്ടു് കഴിഞ്ഞ നൂററാണ്ടിന്റെ അവസാനത്തിലും ഈ നൂററാണ്ടിന്റെ ആദ്യപകുതിയിലുമായി ഉയർന്നുവന്ന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടേയും സാമൂഹ്യ രാഷ്ട്രീയഘടനയിലുണ്ടായ പ്രക്ഷോഭങ്ങളുടേയും, മാററങ്ങളുടേയുമെല്ലാം ഫലമായി ഇവിടുത്തെ ജാതിഘടനകൾ ഉലച്ചിൽ തട്ടുകയും, ജന്മികുടിയായ്മ വ്യവസ്ഥക്കകത്തെ ജാതിഘടനയിൽനിന്നു് വ്യത്യസ്തമായ മൗലിക. മാററങ്ങൾക്കു് വിധേയമാവുകയും ചെയ്തിട്ടുണ്ടു്. ആധുനിക നാണയസമ്പദ്ഘടനയുടേയും അതിന്റെ ഭാഗമായി സാമ്പത്തിക അടിത്തറയും ഉപരിഘടനയും തമ്മിലും, ഇതിൽതന്നെ രാഷ്ട്രീയവും സാംസ്കാരികവുമായ ഘടകങ്ങൾ തമ്മിലും എല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്ന കൂടുതൽ കൂടുതലായ വേർപിരിയലിന്റേയും എല്ലാം ഫലമായി ജാതിയെക്കുറിച്ചു് പൊതുവിൽ മനസ്സിലാക്കപ്പെട്ട ധാരണകളിൽ നിന്നു വ്യത്യസ്തമായി പുതിയ സവിശേഷതകൾ ആർജ്ജിച്ചു കൊണ്ടു് കൂടുതൽ സങ്കീർണ്ണവും വ്യത്യസ്തവുമായ രൂപഭാവങ്ങൾ അതു കൈവരിക്കുകയും ചെയ്തിട്ടുണ്ടു്. ഭരണരാഷ്ട്രീയ സാമൂഹ്യരംഗത്തു് അതിന്റെ ആധിപത്യം ഈ മാനങ്ങൾക്കനുസൃതമായി പുതിയ രീതിയിൽ പുനർ ദൃഢീകരിക്കുന്നതിനുള്ള ശക്തമായ ശ്രമത്തിലുമാണതിന്നു്. കൊളോണിയൽ ബൂർഷ്വാസിയുടെ മേധാവിത്തത്തിൻ കീഴിൽ ഇവിടെ നടന്ന മുതലാളിത്തപരിവർത്തനത്തിലും എല്ലാ വൈകല്യങ്ങളും ഇവിടത്തെ ജാതിമത ഘടനയുടെ പരിവർത്തനത്തിന്റെ അതിന്റേതായ മുദ്ര പതിപ്പിച്ചിട്ടുണ്ടു്. ഇതു് ഇപ്പോഴും ഇവിടത്തെ സാമ്പത്തിക വർഗ്ഗഘടനയും ജാതിമതഘടനയും തമ്മിലുള്ള കെട്ടുപിണയൽ വലിയൊരളവിൽ പരിരക്ഷിച്ചു നിർത്തുന്നുണ്ടു്. കാർഷിക ഉല്പാദന ബന്ധങ്ങളുമായി ബന്ധപ്പെട്ടു നില്ക്കുന്ന ജാതിമേധാവിത്ത ഘടനയുടെ തകർച്ച കാർഷികബന്ധങ്ങളിലെ മൗലികമായ പരിവർത്തനങ്ങളോടും ജനാധിപത്യപരമായ കാർഷിക വിപ്ലവത്തിന്റെ പൂർത്തീകരണത്തോടും ബന്ധപ്പെട്ടു മാത്രമേ സാദ്ധ്യമാക്കാനാവൂ.

ഇതുമായി ബന്ധപ്പെട്ട് ഭൂമിയിൽ കുടിയായ്മ അവകാശം പോലും നി ഷേധിക്കപ്പെട്ടവരും അതുകൊണ്ടുതന്നെ ഭൂപരിഷ്കരണത്തിൻെറ പരിധിയിൽ നിന്ന് ഏതാണ്ട് പുറത്തായിപ്പോയവരുമായ അധസ്ഥിത വിഭാഗത്തിൻെറ പ്രശ്നം കേരളത്തിലെ ജാതിവിരുദ്ധസമരത്തിൽ നിർണ്ണായകപങ്കുവഹിക്കുന്നു. വിവിധ ജാതികളും ഉപജാതികളുമായി വിഘടിച്ചുനില്ക്കുന്ന അധസ്ഥിതവി ഭാഗങ്ങളുടെ അകത്തുതന്നെ നടക്കുന്ന ജാതിക്കെതിരായ സമരത്തിൻേറയും പൊതു ഐക്യത്തിൻേറയും ഭാഗമായി ഈ വിഭാഗത്തിൻെറ മുൻകൈയും മുഖ്യ പങ്കാളിത്തവും ഉറപ്പുവരുത്തിക്കൊണ്ട് തൊഴിലാളിവർഗ്ഗ വിപ്ലവവുമാ യി കണ്ണിചേർക്കുന്നതിലൂടെ മാത്രമേ ജാതിമേധാവിത്തത്തിനെതിരായ സമര ത്തിനു വിജയം വരിക്കാനാവൂ. ജാതിമേധാവിത്തത്തിനെതിരേയും ജാതി സ്ഥാപനങ്ങൾക്കെതിരേയുമുള്ള സമരം ജനാധിപത്യവിപ്ലവത്തിൻെറ അടി യന്തിരകടമയായെടുക്കുമ്പോൾ തന്നെ, ജാതി സമൂഹത്തിലുണ്ടാക്കിയിരിക്കുന്ന വിഘടിതാവസ്ഥയും മുറിവുകളും എല്ലാം കേവലമായി ഇല്ലായ്മചെയ്യുന്നതും ജാതിമേധാവിത്തത്തിനെതിരായ സമരവുമായി കണ്ണിചേർക്കുമ്പോൾ തന്നെ ദീർഘകാലാടിസ്ഥാനത്തിൽ ജനാധിപത്യവിപ്ലവത്തിനുശേഷവും അവശേ ഷിക്കുന്ന ഒരു കടമയായി കാണേണ്ടതുണ്ട്.

## C ഗോത്രവിഭാഗങ്ങൾ

ഇടുക്കി, വയനാട്ട് ജില്ലകളിലും മററു മലയോരപ്രദേശങ്ങളിലുമായി കേരളത്തിലെ ലക്ഷങ്ങൾ വരുന്ന ഗോത്രവിഭാഗത്തിൻെറ പ്രശ്നം പ്രത്യേകപ രിഗണനയർഹിക്കുന്നു. സാമൂഹ്യ വികാസത്തിൻെറ വളരെ താഴ്ന്ന ഘട്ട ങ്ങളിൽ പെടുന്നവയും, ഏറെ വികസിച്ചവയല്ലെങ്കിലും സ്വന്തമായ ഭാഷക ളുള്ളവയും എല്ലാമായ് വിവിധ ഗോത്രങ്ങൾ ഇവിടെ നിലനില്ക്കുന്നു. സാമൂ ഹ്യവികാസത്തിൻെറ പൊതുധാരയിൽനിന്ന് വേറിട്ടു നില്ക്കുന്ന ഈ വിഭാ ഗങ്ങൾ ഇന്നേററവും ക്രൂരമായ ചൂഷണത്തിനും സാമൂഹ്യവും സാംസ്കാരികവു മായ എല്ലാ വിധേനയുമുള്ള അടിച്ചമർത്തലിനും വിധേയരാക്കപ്പെടുന്നുണ്ട്. സ്വന്തമായി ഭൂമിയുള്ളവരും സർക്കാരിൽനിന്നു ഭൂമി ലഭിച്ചവരുമായ ചെറി യൊരു വിഭാഗമുള്ളപ്പോൾ തന്നെ ഒരു വിധേനയുമുള്ള സ്വകാര്യസ്വത്തിൻെറ ഘട്ടത്തിലേക്ക് വികസിക്കാൻ കഴിഞ്ഞിട്ടില്ലാത്ത തങ്ങളുടെ പിന്നോക്കാ വസ്ഥയുടെ നേരെ ആധുനിക സമൂഹത്തിൻെറ കടന്നുകയററം മൂലം പൊതു സ്വത്തായുപയോഗിച്ചിരുന്ന വനഭൂമിയിൽനിന്നും മററുമടക്കം എല്ലാത്തരം ജീവനോപാധികളിൽനിന്നും പൂർണ്ണമായും അകററി മാററപ്പെട്ടവരാണ് ഇതി ലെ ഒരു വിഭാഗം. വൈവിദ്ധ്യപൂർണ്ണവും സങ്കീർണ്ണവുമായ ഒട്ടേറെ നരവംശശാ സ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ പ്രശ്നങ്ങളുൾപ്പെടെ ഉൾക്കൊള്ളുന്ന ഈ പ്രശ്നം വളരെ സൂക്ഷ്മതയോടെയും ശാസ്ത്രീയമായും പരിഹരിക്കപ്പെടേണ്ടതു ണ്ട്. ഭാഷാപരവും സാംസ്കാരികവും സാമൂഹ്യവുമെല്ലാമായ ഈ ഓരോ ഗോത്രസമൂഹങ്ങളുടേയും തനിമക്കെതിരെയുള്ള എല്ലാത്തരം കടന്നാക്രമണങ്ങ ളേയും ചെറുത്തുകൊണ്ടുതന്നെ ആധുനികസമൂഹവുമായി ഇവയെ എങ്ങനെ ഉദ്ഗ്രഥിക്കണമെന്ന പ്രശ്നം ഇനിയും ആഴമേറിയ പഠനം അർഹിക്കുന്നതും ദീർഘകാലാടിസ്ഥാനത്തിൽ മാത്രം പരിഹരിക്കാവുന്നതുമായ ഒന്നാണ്. എന്നാൽ അതേസമയംതന്നെ ജനാധിപത്യവിപ്ലവത്തിൻെറ പൊതുധാരയി ലേക്ക് ഈ വിഭാഗങ്ങളെ കൊണ്ടുവരുന്നതിൻെറ പ്രശ്നം അടിയന്തിര പരി ഗണനയർഹിക്കുന്ന ഒന്നാണ്.

12. തൊഴിലാളിവർഗ്ഗ നേതൃത്വത്തിൽ മുകളിൽപറഞ്ഞ പുരോഗമനകാരികളായ വർഗ്ഗങ്ങളുടെ വിശാലമായ ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതു് ദേശീയ ജനാധിപത്യ വിപ്ളവത്തിന്റെ മുഖ്യ ഉപാധികളിലൊന്നാണു്. ഇതു് വിപ്ളവമുന്നേററങ്ങളുടെ വിവിധ ഘട്ടങ്ങളിലൂടെ അയവേറിയതും പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലും അടവുപരവുമായ ഒട്ടേറെ ഐക്യമുന്നണികഠം കെട്ടിപ്പടുക്കുന്നതിലൂടെയും വിപ്ളവ സമരങ്ങളുടെ വളർച്ചയിലൂടെയും ശക്തിയാർജ്ജിക്കുന്ന ഒരു പ്രക്രിയയാണു്.

13. പുത്തൻ ജനാധിപത്യ വിപ്ളവത്തിന്റെ, ജനകീയ രാഷ്ട്രീയാധികാരം കെട്ടിപ്പടുക്കുന്നതിന്റെ ഈ ലക്ഷ്യങ്ങഠം പൂർത്തീകരിക്കുന്നതിനു് വ്യവസ്ഥാപിത സമരമാർഗ്ഗങ്ങഠംക്കോ വ്യവസ്ഥാപിത ക്രമത്തിനകത്തുനിന്നുകൊണ്ടോ കഴിയുന്നതല്ല. നിലവിലുള്ള പുത്തൻ കൊളോണിയൽ വ്യവസ്ഥയെയും അതിന്റെ ഭാഗവും സായുധശക്തിയിലധിഷ്ഠിതമായ ഭരണകൂടത്തെയും തകർക്കുന്നതിലൂടെ മാത്രമേ ഇതു സാദ്ധ്യമാവൂ. ഇതാകട്ടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ജനകീയ പോരാട്ടങ്ങളിലൂടെ മാത്രം സാദ്ധ്യമാവുന്നതുമാണു്. രാജ്യവ്യാപകവും ദേശവ്യാപകവുമായ ബഹുജന പ്രക്ഷോഭ സമരങ്ങഠം വളർത്തിയെടുക്കുകയും സായുധസമരത്തെ ഇതുമായി കണ്ണിചേർക്കുകയും ചെയ്യേണ്ടതുണ്ടു്.

14. വിവിധ മേഖലകളിൽ മുമ്പു സൂചിപ്പിച്ചതുപോലെ സഹകരണ മേഖലകഠം വികസിപ്പിക്കേണ്ടതുള്ളപ്പോഠംത്തന്നെ വ്യവസ്ഥാപിത ചൂഷകക്രമത്തിനകത്തു് അതിന്റെ ഭാഗമായിത്തീർന്ന സഹകരണസംഘങ്ങളെ ദേശീയ ജനാധിപത്യവിപ്ളവത്തിന്റെ ഭാഗമായി രൂപംകൊള്ളുന്ന സഹകരണസംഘങ്ങളിൽനിന്നു് വേർതിരിച്ചു കാണേണ്ടതുണ്ടു്. വ്യവസ്ഥാപിത ക്രമത്തിന്റെ ഭാഗമെന്ന നിലയിൽ ഇന്നു് പ്രധാനമായും പിന്തിരിപ്പനായ ഇത്തരം സഹകരണ സംഘങ്ങളിലെ അധികാരി വിഭാഗത്തെയും ഭരണവ്യവസ്ഥയുടെയും പുത്തൻ കൊളോണിയൽ തന്ത്രങ്ങളുടെയും ഭാഗമായിക്കഴിഞ്ഞ രാഷ്ട്രീയ നേതൃവൃന്ദങ്ങളെയും ഒരു പുതിയതരം ചൂഷക വിഭാഗങ്ങളെന്ന നിലയിൽ കാണേണ്ടതുണ്ടു്. ഭരണകൂടവും ബഹുവിധ ഭരണസ്ഥാപനങ്ങളുമായും ബന്ധപ്പെട്ടു് പുത്തൻ കൊളോണിയൽ അവസ്ഥയിൽ ഈ വിഭാഗം കൈവരിച്ചിരിക്കുന്ന സവിശേഷതകഠം ഇനിയും കൂടുതൽ ആഴത്തിലുള്ള പഠനം അർഹിക്കുന്നുണ്ടു്.

15. സാർവ്വദേശീയാടിസ്ഥാനത്തിൽത്തന്നെയുള്ള മൂലധന കേന്ദ്രീകരണത്തിന്റെ ഭാഗമായതും മൂലധന സാന്ദ്രവും, സാങ്കേതിക സാന്ദ്രവുമായതും (highly technologised), ഭൂജൈവവിഭവ ലഭ്യതയുമായും ഭൂജൈവഘടകങ്ങളുമായും സന്തുലിതത്വത്തിൽ വർത്തിക്കാത്തതും, നൂററാണ്ടുകളിലൂടെ ഒരു ദേശീയ ജനത നേടിയെടുക്കുന്ന ദേശീയ അന്തരീക്ഷത്തിനിണങ്ങുന്ന ദേശീയ പാരമ്പര്യത്തെ തീർത്തും കയ്യൊഴിക്കുന്നതും ആയ അശാസ്ത്രീയമായ വികസന നയമാണു് ഇന്നു് കേരളത്തിൽ നടപ്പാക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഇതിനു് സമാന്തരവും അനുപൂരകവുമായി ജനങ്ങളിൽനിന്നു് കൂടുതൽ കൂടുതൽ അന്യവും ബീഭത്സവുമായ അധികാര കേന്ദ്രീകരണവും മറുവശത്തു് നടക്കുന്നുണ്ടു്. ഈ അവസ്ഥക്കെതിരായ നിരന്തര സമരത്തിലൂടെ ജനകീയ ജനാധിപത്യ അധികാരശക്തി കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി ഒരു വികേന്ദ്രീകൃത സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ ഘടനക്കു രൂപം നൽകേണ്ടതുണ്ടു്.

16. പുത്തൻ കൊളോണിയൽ ചൂഷണക്രമം അതിന്റെ നിലനില്പിനാവ

ശ്യമായ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിനു് ഇവിടത്തെ പഴയ യാഥാസ്ഥിതിക സംസ്കാരത്തിന്റെയും വൈദേശിക അടിമ മനോഘടന സൃഷ്ടിക്കുന്ന കൊളോണിയൽ സംസ്കാരത്തിന്റെയും ഒരവിശുദ്ധ സഖ്യത്തെ വളർത്തിയെടുത്തിട്ടുണ്ടു്. പുത്തൻ കൊളോണിയൽ ചൂഷണക്രമത്തിൽ ഇന്നത്തെ പ്രചരണബോധ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പങ്കുകൂടിയാവുമ്പോൾ ഈ പുത്തൻ കൊളോണിയൽ സംസ്കാരത്തിനെതിരായ സജീവമായ സമരത്തിന്റെ പ്രസക്തി വളരെയധികം വർദ്ധിക്കുന്നുണ്ടു്. ഒരു ജനാധിപത്യസംസ്കാരത്തിന്റെയും ബോധത്തിന്റെയും വികാസത്തിനു് തടസ്സമായി വർത്തിക്കുന്ന വഴിക്കു വച്ചു് തടസ്സപ്പെടുത്തപ്പെടുകയും പുത്തൻ കൊളോണിയൽ സംസ്കാരത്തിന്റെ ഭാഗമാക്കി വികൃതവല്ക്കരിക്കപ്പെടുകയും ചെയ്ത ദേശീയ നവോത്ഥാനത്തിന്റെ കടമകൾ ഇന്നു് വിപ്ലവശക്തികൾ ഏറ്റെടുക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യേണ്ടതുണ്ടു്.

പുത്തൻ ജനാധിപത്യസംസ്കാരത്തിന്റെ രൂപീകരണത്തിന്റെ ഭാഗമായ ദേശീയ നവോത്ഥാന പ്രക്രിയയുടെ ഒരു പ്രധാന ഘടകമാണു് ജാതിക്കെതിരെയും മതനിരപേക്ഷതക്കുവേണ്ടിയും നടത്തുന്ന സമരം. ഇന്നു് പുത്തൻ കൊളോണിയൽ പിന്തിരിപ്പത്തത്തിന്റെ കൈയിലെ മുഖ്യ ഉപകരണങ്ങളായി മാറിയിരിക്കുന്ന ജാതിമത മേധാവിത്തവും പുനരുജ്ജീവന ശക്തികളും സാമൂഹ്യ സാമ്പത്തിക മേഖലയിലെന്നപോലെതന്നെ സാംസ്കാരിക തലത്തിലും നിന്നുകൊണ്ടു് ഇവ ആഭ്യന്തര വൈദേശിക പിന്തിരിപ്പത്തത്തിനെതിരായ ബഹുജന ഐക്യത്തെ വിഘടിപ്പിക്കുകയും ദേശീയോദ്ഗ്രഥന പ്രക്രിയയിൽ ഗുരുതരമായ തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടു്. ഇതിനെതിരായ സമരവുമായി ശരിയായി കണ്ണിചേർത്തുകൊണ്ടല്ലാതെ ഇന്നു് ദേശീയ വിമോചന പ്രസ്ഥാനത്തിനും, വർഗ്ഗസമരത്തിനു് പൊതുവിൽത്തന്നെയും മുന്നോട്ടു പോവാനാവില്ല.

17 സാമ്രാജ്യത്വകുത്തകകളുടെയും, സാമ്രാജ്യത്വത്തിനു വിടുപണി ചെയ്യുന്ന ആഭ്യന്തര പിന്തിരിപ്പത്തത്തിന്റെയും ചൂഷണത്തെ പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതും അവരുടെ വസ്തുവകകൾ നഷ്ടപരിഹാരം കൂടാതെ പിടിച്ചെടുക്കുന്നതും ദേശീയവും ജനാധിപത്യപരവുമായ എല്ലാ വർഗ്ഗങ്ങളുടേയും പങ്കാളിത്തമുള്ളതുമായ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള സാമ്പത്തിക രാഷ്ട്രീയ ഘടനയാണു് ദേശീയ ജനാധിപത്യ വിപ്ലവത്തിന്റെ അടിയന്തിര ലക്ഷ്യം.

18 എന്നാലതേസമയം തന്നെ ഇതു് സോഷ്യലിസ്റ്റു് വിപ്ലവത്തിന്റെയും ലോകതൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും ഭാഗവും സാർവ്വ ദേശീയ വിപ്ലവത്തിന്റെ കടമകൾ പൂർത്തീകരിക്കുന്നതിലേക്കു് തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ മുന്നേറുകയും ചെയ്യുന്ന പുത്തൻ ജനാധിപത്യവിപ്ലവം തന്നെയാണു്.

കേരള സംസ്ഥാന ഘടകം

സി.ആർ.സി: സി.പി.ഐ. (എം. എൽ.)

# സി. പി. ഐ (എം. എൽ.)
# (കേന്ദ്രപുനഃസംഘടനാ കമ്മിററി)
# കേരള സംസ്ഥാനഘടകത്തിന്റെ വിപുലീകൃതയോഗം അംഗീകരിച്ച രാഷ്ട്രീയ പ്രമേയം

1. ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിലെയും രാഷ്ട്രീയ—സാമൂഹ്യ—സാമ്പത്തിക മേഖലകൾ അത്ഭുതപൂർവ്വവും അസാധാരണവുമായ ഒരു പ്രതിസന്ധിയെ ഇന്നു് അഭിമുഖീകരിക്കുന്നുണ്ടു്. വ്യവസായിക മേഖലയാണെങ്കിൽ നിലവിലുള്ള പല ഫാക്ടറികളും തകരുകയും പൂട്ടിയിടുകയും തകർച്ചയെ അഭിമുഖീകരിക്കുകയും, ചെയ്യുമ്പോൾ മറുഭാഗത്തു് ചില പുതിയ ആധുനികവും സാങ്കേതിക സാന്ദ്രവുമായ വ്യവസായങ്ങൾ സ്ഥാപിക്കപ്പെടുന്നതു് പ്രതിസന്ധിക്കു് ആഴം കൂട്ടുന്നേയുള്ളു. കാർഷിക മേഖലയിൽ കർഷകരുടെ ഉല്പന്നങ്ങൾക്കു് ആനുപാതികമായ ശരിയായ വില ലഭിക്കാത്തപ്പോൾ കൃഷിക്കാവശ്യമായ വ്യാവസായിക ഉല്പന്നങ്ങളുടെ വില നിരന്തരം വർദ്ധിക്കുന്നു. ബഹുരാഷ്ട്ര—അഖിലേന്ത്യാ കുത്തകകളുടെ താല്പര്യങ്ങൾക്കനുസരണമായി വിപണി നിയന്ത്രിക്കപ്പെടുന്നതും, പുതിയ പുതിയ കാർഷിക വിളകൾ കൃഷിചെയ്യാൻ നിർബന്ധിക്കപ്പെടുന്നതും ഇടത്തട്ടുകാരുടെ ചൂഷണവും മൂലം കൃഷിക്കാരുടെ ജീവിതാവസ്ഥ ദുസ്സഹമാകുന്നു. ഉപഭോക്തവസ്തുക്കളുടെ വില നിരന്തരം വർദ്ധിക്കുന്നു. ഒരുഭാഗത്തു് തൊഴിലില്ലായ്മ വർദ്ധിക്കുമ്പോൾ മറുഭാഗത്തു് ഈ അവസ്ഥയെത്തന്നെ കൂടുതൽ രൂക്ഷമാക്കുംവിധം ആധുനിക സാങ്കേതികവൽക്കരണത്തിനും കമ്പ്യൂട്ടറൈസേഷനും മററും ആക്കംകൂട്ടിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തെ ആധുനികവൽക്കരിക്കുന്നതിന്റെ പേരിൽ വിദ്യാഭ്യാസമേഖലയെ കൂടുതൽ കൂടുതൽ സാമ്രാജ്യത്വാശ്രിതത്വവും വരേണ്യവൽകൃതവുമാക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്രസംസ്ഥാനബന്ധങ്ങളുടെ പുനഃസംവിധാനത്തെക്കുറിച്ച് വ്യവസ്ഥാപിത പ്രതിപക്ഷ കക്ഷികൾപോലും സംസാരിച്ചു തുടങ്ങുകയും അതിനായി കമ്മീഷനുകളെ നിയോഗിക്കുകയും ചെയ്യുമ്പോൾ തന്നെ ഫെഡറൽ സംവിധാനത്തെക്കുറിച്ച് ഭരണഘടനയിൽ എഴുതിവച്ചിരിക്കുന്നതു് എത്ര പൊള്ളയാണെന്നു് തെളിയിച്ചുകൊണ്ടു്, വളർന്നുവരുന്ന ജനങ്ങളുടെ ദേശീയാഭിലാഷങ്ങളെ അടിച്ചമർത്തിക്കൊണ്ടു്, കേന്ദ്രഭരണകൂടം കൂടുതൽ കൂടുതൽ കേന്ദ്രീകൃതവും ഇന്ത്യയിലെ

മുഴുവൻ ദേശീയതകളുടെയും പൊതുമർദ്ദകനുമാണെന്ന വസ്തുത അനുദിനം സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വർഗ്ഗീയതയും മതമൗലികവാദങ്ങളും ഏററവും പുതിയ രൂപങ്ങളിൽ രൂക്ഷമായി ഉയർന്നുവരുമ്പോഴും ഭരണകൂടം പ്രത്യക്ഷത്തിൽതന്നെ അതിന്റെ പ്രചാരകനും വക്താവുമായിത്തീർന്നിരിക്കുന്നു.

2. ഇത്തരമൊരവസ്ഥ നിലനില്ക്കെത്തന്നെ ഇവക്കെല്ലാം എതിരായിട്ടു നില്ക്കുന്നവരെന്നു കരുതപ്പെടുന്ന ശക്തികൾക്കുതന്നെയും ഇവക്കെതിരെ ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ ആകുന്നില്ല. തൊഴിലാളികളെ രക്ഷിക്കാനുള്ള ശ്രമങ്ങൾ പോയിട്ട് സാമ്പത്തികാവശ്യങ്ങൾക്കുള്ള സമരങ്ങൾ പോലും തിരിച്ചടികളെ നേരിടുന്ന അവസ്ഥയാണ് തൊഴിൽമേഖലയിൽ നിലനില്ക്കുന്നത്. തൊഴിലില്ലായ്മക്കെതിരായ പ്രക്ഷോഭങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന അവസ്ഥ പോയിട്ട് ഉള്ള തൊഴിൽ സാദ്ധ്യതകൾപോലും പരിരക്ഷിക്കുവാൻ കഴിയുന്നില്ല. കാർഷികമേഖലയിലും വിദ്യാഭ്യാസ മേഖലയിലും മററെല്ലാ മേഖലകളിലും അവസ്ഥ ഇതിൽനിന്നും വ്യത്യസ്ഥമല്ല. ഇവക്കെതിരെ സമരങ്ങൾ കൂടിക്കൂടി വരുമ്പോൾ തന്നെ, അവയ്ക്കൊന്നിനും ഇന്നത്തെ സാമൂഹ്യ—സാമ്പത്തിക—രാഷ്ട്രീയ മേഖലകളിലെ പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്കെതിരെ കാര്യമായിട്ടൊന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ്. എല്ലാവരും ഏററവും ശബ്ദായമാനമായി എതിർക്കുന്നവയും ശരിയല്ല എന്നു കരുതുന്നവയുമായ കാര്യങ്ങൾ എതിർപ്പുകൾ ഉണ്ടായിട്ടും എല്ലാവരും കാൺകെ നിരന്തരം ശക്തിപ്പെട്ടുവരുന്നു.

3. വളർന്നുവരുന്ന ബഹുജനപ്രക്ഷോഭങ്ങളും ഏററവും ചെറിയ ജനകീയ പ്രതിഷേധങ്ങൾ പോലും അടിച്ചമർത്തപ്പെടുകയും ഭരണകൂടം ഏററവും കൂടുതൽ കേന്ദ്രീകൃതവും സ്വേഛാധിപത്യവൽക്കരിക്കപ്പെട്ടതുമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അവകാശങ്ങൾപോലും മെല്ലെമെല്ലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും അധികാരകേന്ദ്രത്തിന്റെ കേന്ദ്രീകൃതഘടന എല്ലാസ്ഥലങ്ങളിലും കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥ ഇന്ത്യയുടെ ബഹുദേശീയാവസ്ഥയുമായി ബന്ധപ്പെട്ട് പുതിയ തരത്തിലുള്ള സമരങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്നുണ്ട്. ഇവയ്ക്ക് ബോധപൂർവ്വമായ നേതൃത്വം നൽകുന്നതിന് വിപ്ലവശക്തികൾക്ക് കഴിഞ്ഞിട്ടുമില്ല.

4. ഇതെല്ലാം ചേർന്ന് ഇന്ത്യയിലെ, പ്രത്യേകിച്ചും കേരളത്തിലെ, സാമൂഹ്യ—സാമ്പത്തിക രാഷ്ട്രീയരംഗം അതീവസങ്കീർണ്ണമായ ഒരു വിഷമവൃത്തത്തിൽ പെട്ടിരിക്കുകയാണെന്ന അവസ്ഥസൃഷ്ടിച്ചിട്ടുണ്ട്. പ്രതിസന്ധിയും സമരങ്ങളുമെല്ലാം ചേർന്ന ഈ വിഷമവൃത്തം യഥാർത്ഥത്തിൽ സംജാതമായിരിക്കുന്നത് വ്യവസ്ഥാപിത രാഷ്ട്രീയക്രമത്തിനുള്ളിൽ നിന്നുകൊണ്ടുള്ള വ്യവസ്ഥാപിത പരിഹാരങ്ങൾ തേടുന്നതുകൊണ്ടാണ്. നിലവിലുള്ള സാമൂഹ്യസാമ്പത്തിക വ്യവസ്ഥയുടേയും ഭരണകൂടത്തിന്റെയും മൗലികവർഗ്ഗഘടനയെ തിരിച്ചറിയുകയും അവയെ മാററിത്തീർക്കുന്നതിനുള്ള മൗലിക

മാർഗ്ഗങ്ങൾ തേടുകയും, വർഗ്ഗബഹുജനപ്രസ്ഥാനങ്ങളെ ഇത്തരമൊരു മൗലികപരിഹാരത്തിനുള്ള ശ്രമവുമായി കണ്ണിചേർക്കുകയും ചെയ്യുന്നതിലൂടെ മാത്രമെ ഈ വിഷമവൃത്തത്തിൽനിന്നും പുറത്തുകടക്കുവാനാവുകയുള്ളു.

## എന്താണ് ഇന്ത്യൻ ഭരണകൂടത്തിൻെറ സ്വഭാവം

5. '47 നു മുൻപും പിൻപുമുള്ള ഇന്ത്യൻ ഭരണകൂടത്തിൻെറ ഘടനയേയും അതിനുണ്ടായ മാററങ്ങളെയും ശരിയായി തിരിച്ചറിയുന്നതിലൂടെയാണ് ഇതു് നിർണ്ണയിക്കാനാവുക. ദീർഘകാലത്തെ കൊളോണിയൽ ഭരണം വളർത്തിയെടുത്ത ഇന്ത്യയുടെ കേന്ദ്രഘടനയും ഭരണകൂടവും, സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമെല്ലാമായ അതിൻെറ ഘടനയെ നിലനിർത്തിക്കൊണ്ടുതന്നെ പൊതുവിൽ' 47 നു ശേഷവും തുടരുകയാണുണ്ടായിട്ടുള്ളതു്. പ്രത്യക്ഷകൊളോണിയലിസം ആഗോളാടിസ്ഥാനത്തിൽതന്നെ പുതിയൊരു മാററത്തിനു് വിധേയമാവുകയും ബഹുരാഷ്ട്രകുത്തകകളും അന്തർദ്ദേശീയ സാമ്രാജ്യത്വ വായ്പാ ഏജൻസികളും എല്ലാം ചേർന്നുള്ള സാമ്രാജ്യത്വ ചൂഷണത്തിൻെറ പുതിയൊരു മുഖം തുറക്കുകയും ചെയ്യുന്നതിൻെറ ഭാഗമായി '47–ലെ അധികാരകൈമാററത്തെ മനസ്സിലാക്കുന്നതോടെ സങ്കീർണ്ണവും ദുരൂഹവുമെന്നു തോന്നിക്കുന്ന ഈയവസ്ഥയുടെ കുരുക്കഴിഞ്ഞു തുടങ്ങുന്നതു് നമുക്കുകാണാം. പ്രത്യക്ഷകൊളോണിയൽ ഭരണത്തിൻെറ പശ്ചാത്തലത്തിൽ അതിൻെറ ആഭ്യന്തര സഹായികളായി വളർന്നുവന്ന അഖിലേന്ത്യകുത്തകകളും സാമ്രാജ്യത്വത്തിൻെറതന്നെ പുതിയ അന്താരാഷ്ട്രസാമ്പത്തിക രാഷ്ട്രീയ ശക്തികളും ചേർന്നുണ്ടായ ഒരു പുതിയ ശാക്തികക്കൂട്ടുകെട്ട് പ്രത്യക്ഷ കൊളോണിയലിസത്തിനു് പകരംവയ്ക്കുകയാണിവിടെ ചെയ്തതു്. സാമ്രാജ്യത്വം മുൻപിവിടെ ചെയ്തിരുന്നതുപോലെ എല്ലാ പിൻതിരിപ്പൻ ശക്തികളുമായുള്ള ഐക്യത്തിൻെറ ഭാഗമായ ഫ്യൂഡൽ ശക്തികളുമായി ഐക്യപ്പെടുന്ന നയം പുതിയ രൂപത്തിൽ അതുതുടർന്നുവരികയും ചെയ്യുന്നുണ്ടു്. ഇന്ത്യയിലെ വിവിധ ദേശീയതകളുടെ വികാസത്തെയും സ്വന്തംകാലിലുള്ള നിലനില്പിനെയും സ്വാശ്രയത്വത്തെയും ഗുരുതരമായി അപകടപ്പെടുത്തുംവിധം ബ്രിട്ടീഷ്സാമ്രാജ്യത്വം തുടർന്നുവന്നിരുന്ന കൊളോണിയൽ നയം ഈ പുതിയ സാമ്രാജ്യത്വ–അഖിലേന്ത്യാ ഭരണവർഗ്ഗക്കൂട്ടുകെട്ടും തുടർന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാംമൂലം '47 ലെ അധികാരകൈമാററം കൊളോണിയൽ കാലഘട്ടത്തിൽതന്നെ ഇവിടെ നിലനിൽക്കുകയും വളർന്നുവരികയും ചെയ്തിരുന്ന നാനാമണ്ഡലങ്ങളിലെയും പ്രതിസന്ധികളെ പരിഹരിക്കുന്നതിനു് പകരം സാമ്രാജ്യത്വത്തിൻെറ പുത്തൻ കൊളോണിയൽ വികാസവുമായി ബന്ധപ്പെട്ടു് അവയെ പുതിയൊരു തലത്തിലേക്കെത്തിക്കുകയും കൂടുതൽ തീഷ്ണമാക്കുകയും ചെയ്തുകൊണ്ടിരിക്കയാണെന്നു കാണാം. ബ്രിട്ടീഷ് വിരുദ്ധസമരത്തിൻെറ പശ്ചാത്തലത്തിൽ അധികാരത്തിലെത്തിയ ശക്തികളെ സംബന്ധിച്ചിടത്തോളം ഭാഗികമായെങ്കിലും അവയ്ക്കുണ്ടെന്നു് തോന്നിച്ചിരുന്ന സാമ്രാജ്യത്വവിരുദ്ധ സ്വഭാവം ക്രമേണ പൂർണ്ണമായി അവ കൈയ്യൊഴികയും പ്രത്യക്ഷമായിതന്നെ പുത്തൻ കൊളോണിയൽ വ്യവസ്ഥയുടെ നടത്തിപ്പുകാരായി അവ രംഗത്തു വരികയുമാണുണ്ടായതു്. ഇതു് ഇതര ഏഷ്യൻ–ആഫ്രിക്കൻ–ലാററിൻ അമേരിക്കൻ രാജ്യങ്ങളിലെ അവസ്ഥയിൽനിന്നു് വ്യത്യസ്ഥമല്ലതാനും.

6. '60-കളിലും '70-കളിലുമായി ഇന്ത്യയിൽ ശക്തിപ്പെട്ടുകൊണ്ടിരുന്ന പുത്തൻ കൊളോണിയലിസത്തിന്റെ പുതിയ നയസമീപനങ്ങളുമായി ബന്ധപ്പെട്ട് സാമ്രാജ്യത്വത്തിന്റെ വർദ്ധമാനമായ തള്ളിക്കയററവും അതു സൃഷ്ടിച്ച രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധിയും തന്നെയാണ്, ഇന്ത്യൻ ഭരണകൂടം പിൻതുടർന്നിരുന്ന കൊളോണിയൽ ആശ്രിതത്വഘടനയുടെ ഭാഗമായി, '80-കളുടെ ആദ്യം IMF-ൽനിന്നു് ഭീമൻ വായ്പയെ ആശ്രയിക്കുന്ന അവസ്ഥയിലേക്കു് ഇന്ത്യയെ കൊണ്ടുചെന്നെത്തിച്ചതു്. ഇതുമായി ബന്ധിപ്പിച്ചുവേണം കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക നയസമീപനങ്ങളിലുണ്ടാകുന്ന പ്രകടമായ മാററത്തെ നാം മനസ്സിലാക്കേണ്ടതു്.

7. ഇന്ത്യൻ ഭരണവ്യവസ്ഥയേയും ഭരണവർഗ്ഗത്തിന്റെ വർഗ്ഗഘടനയേയുംകുറിച്ചുള്ള ഈ മൗലികമായ തിരിച്ചറിവുതന്നെയാണ് ഇന്നു നടക്കുന്ന സമരങ്ങളെ അവ അഭിമുഖീകരിക്കുന്ന വിഷമവൃത്തത്തിൽനിന്നു പുറത്തുകൊണ്ടുവരുവാൻ നമ്മെ സഹായിക്കുന്നതു്. പ്രത്യക്ഷ കൊളോണിയൻ കാലഘട്ടത്തെ അപേക്ഷിച്ച് കൂടുതൽ പരോക്ഷമായും സങ്കീർണ്ണവുമായ ഈ ചൂഷണഘടന തദനുസൃതമായ പുതിയ പരിഹാരങ്ങൾ ആവശ്യപ്പെടുന്നുണ്ട്. പ്രക്ഷോഭത്തിന്റെയും ചെറുത്തുനില്പിന്റെയും എല്ലാം ഘടന പുതിയ സ്വഭാവം ആർജ്ജിക്കേണ്ടതിന്റെ ആവശ്യവും ഇതു വ്യക്തമാക്കുന്നുണ്ട്. സാമ്രാജ്യത്വവിരുദ്ധ ദേശീയജനാധിപത്യ വിപ്ലവത്തിന്റെ കടമകൾ ഇനിയും നിറവേററപ്പെടാനിരിക്കുന്നുവെന്നതന്നെയാണ് കേരളസംസ്ഥാനഘടകത്തിന്റെ പ്രവത്തനമാർഗ്ഗരേഖയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ ഇതു വ്യക്തമാക്കുന്നതു്.

## കേരളീയാവസ്ഥ

8. ഒരു ബഹുദേശീയ രാജ്യമായ ഇന്ത്യയിലെ സാമ്രാജ്യത്വ—അഖിലേന്ത്യ ഭരണവർഗ്ഗക്കൂട്ടുകെട്ടിന്റെ നേതൃത്വത്തിലുള്ള പുത്തൻ കൊളോണിയൽ രാഷ്ട്രീയസാമ്പത്തിക ഘടന വിവിധ ദേശീയതകളുടെ വികാസത്തിനു് ഗുരുതരമായ ആഘാതം ഏല്പിച്ചുകൊണ്ടാണ് അതിന്റെ അധികാരകോയ്മ തുടരുന്നതു്. ദേശീയതകൾക്കെതിരായ ഈ അടിച്ചമർത്തൽ ഇന്നു കേരളത്തെ സംബന്ധിച്ചേടത്തോളം അനുദിനം മൂർഛിച്ചുവരുന്ന രാഷ്ട്രീയ—സാമ്പത്തികപ്രതിസന്ധിക്കു പുറകിലുള്ള പ്രകടമായ പുത്തൻ കൊളോണിയൽ വിധേയത്വത്തിന്റെ രൂപത്തിൽതന്നെ പ്രത്യക്ഷപ്പെടുന്നുണ്ട്. കേരളത്തിലെ ഉല്പന്നങ്ങൾ ഏതാണ്ട് മുഴുവൻതന്നെ ആശ്രയിച്ചിരിക്കുന്നതു് ആഗോളഅഖിലേന്ത്യ കുത്തകകൾ കയ്യടക്കിവച്ചിട്ടുള്ള വിപണിയെയാണ്. ദേശീയമൂലധനത്തിന്റെ കേന്ദ്രീകരണത്തെ തടസ്സപ്പെടുത്തിക്കൊണ്ടുള്ള ഉല്പാദനോപാധികളുടെ ശിഥിലീകൃതാവസ്ഥയാണ് ഉല്പാദനരംഗത്തു് ഇതിനടിസ്ഥാനമായി വത്തിക്കുന്നതു്. ഇതുകൂടാതെ ആഗോളപുത്തൻകൊളോണിയൽ തൊഴിൽവിഭജനത്തിന്റെ ഭാഗമായ അസന്തുലിതമായ സവിശേഷീകരണം ദേശീയ ഉപഭോഗത്തിന്റെ മിക്കമേഖലകളിലും ആശ്രിതത്വം വളത്തിക്കൊണ്ടുവരികയും ചെയ്യുന്നു. ഉല്പാദനഉപഭോഗരംഗത്തെ ഈ അരാജകാവസ്ഥ കേരളത്തിന്റെ സമ്പദ്ഘടനയിൽ മൂന്നാം അഥവാ കച്ചവടസേവനമേഖലയുടെ അപകടകരമായ വളർച്ചയായി പ്രതിപ്രവത്തിക്കുന്നു. പരമ്പരാഗത ഉല്പാദന

മേഖലകളായിട്ടുള്ള കൃഷിയും കൈത്തറിയും കയറും കശുവണ്ടിയും തുടങ്ങി എല്ലാ മേഖലകളിലും ഉല്പാദനരംഗത്തെ ഈ ശിഥിലീകൃതാവസ്ഥയും ഇവയുടെമേലുള്ള വിപണിയിലെ അങ്ങേയററം കേന്ദ്രീകൃതമായ കുത്തകയും തമ്മിലുള്ള വൈരുദ്ധ്യം ഈ മേഖലകളെയെല്ലാം നിസ്സഹായമായ തകർച്ചയിലേക്കെത്തിച്ചുകഴിഞ്ഞു. ദേശീയോല്പാദനരംഗം ഇങ്ങിനെ തകർച്ചയെ നേരിടുമ്പോൾ അതിനു പകരം സാമ്രാജ്യത്വ—അഖിലേന്ത്യാ കുത്തകകളുടെ ഉടമസ്ഥതയിലുള്ളതും ദേശീയ സാമൂഹ്യസമ്പദ്ഘടനയുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടാത്തതുമായ, മൂലധനത്തിൻെറയും സാങ്കേതികവിദ്യയുടെയും എല്ലാം കാര്യത്തിൽ വൻതോതിൽ ആശ്രിതത്വം വളർത്തുന്ന, വ്യവസായ പദ്ധതികൾ രംഗത്ത് വരുന്നുമുണ്ട്. ആധുനികവ്യവസായമേഖലയിലെ സാമ്രാജ്യത്വ—അഖിലേന്ത്യാ കുത്തകമൂലധനത്തിൻെറ ആധിപത്യം ദേശീയ സംരംഭങ്ങളുടെ സാദ്ധ്യതകളെ ഏതാണ്ട് പൂർണ്ണമായിതന്നെ തകർക്കുന്ന അവസ്ഥയിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്.

9. സാമ്പത്തികമേഖലയിലെ ഈ പുത്തൻകൊളോണിയൽ സേവ കൂടുതൽ ഊർജ്ജസ്വലതയോടെ മുമ്പോട്ടുകൊണ്ടുപോകുന്നതിൻെറയും, ഈ അവസ്ഥയുടെ ഫലമായി ഉയർന്നുവരുന്ന ബഹുജനസമരങ്ങളെ നേരിടുന്നതിൻെറയും ഭാഗമായി രാഷ്ട്രീയ, സാംസ്കാരിക, വിദ്യാഭ്യാസമേഖലകളിൽ സേഛാധിപത്യപരമായ അധികാരകേന്ദ്രീകരണം ഭരണകൂടം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ബൗദ്ധികമണ്ഡലത്തെ മുഴുവൻ ഈ അധികാരഘടനയിലേക്കു കൊണ്ടുവരുന്നതിനുള്ള ശ്രമം എന്ന നിലയിലാണ് അടുത്തകാലത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രവിദ്യാഭ്യാസനയത്തിൻെറ പ്രസക്തിയെ നാം കാണേണ്ടതു്. ഇതാകട്ടെ ഒറ്റപ്പെട്ട നടപടി എന്നതിനുപരി ബഹുജനസമരങ്ങളെ അടിച്ചമർത്തുന്നതിൻെറയും പോലീസ് മർദ്ദനവാഴ്ചയുടെയും, സംസ്ഥാനങ്ങൾക്ക് നിലവിലുള്ള അധികാരങ്ങൾപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിൻെറയും, സാംസ്കാരിക—കലാസാഹിത്യരംഗങ്ങളിലെ പുത്തൻകൊളോണിയൽ സ്വാധീനത്തിൻെറ കടന്നുകയററത്തിൻെറയും മതപുനരുജ്ജീവനശക്തികളുടെ ശക്തിപ്പെടലിൻെറയും എല്ലാമായ സമഗ്രാധിപത്യകേന്ദ്രീകരണത്തിൻെറ ഭാഗമായി കാണേണ്ടതുണ്ട്.

## സാമ്രാജ്യത്വവിരുദ്ധസമരത്തിൻെറ സവിശേഷതകൾ

10. ബ്രിട്ടീഷ് വിരുദ്ധ സമരകാലഘട്ടത്തിലെപ്പോലെ പ്രകടവും പ്രത്യക്ഷവുമായ ഒരു സാമ്രാജ്യത്വശക്തിയെ അല്ല അഭിമുഖീകരിക്കുന്നതെന്ന പ്രശ്നം ഇന്നു സാമ്രാജ്യത്വ വിരുദ്ധസമരം പുതിയ രൂപഭാവങ്ങൾ ആർജ്ജിക്കേണ്ടതിൻെറ ആവശ്യം വ്യക്തമാക്കുന്നു. എന്നാൽ ഇതു് അതേസമയം തന്നെ ബ്രിട്ടീഷ് കൊളോണിയലിസത്തിൻെറ ഇന്ത്യയിലേക്കുള്ള കടന്നുവരൽ മുതല്ക്കുള്ള നിരവധി ധീരോദാത്തമായ സാമ്രാജ്യത്വവിരുദ്ധ സമരങ്ങളുടെ പൊതുതുടർച്ചയുമാണ്. ജീവിതത്തിൻെറ എല്ലാ തുറകളിലും പുതിയ ബ്രാൻറ് പേരുകളുമായി നാനാ രീതിയിൽ കടന്നെത്തിക്കഴിഞ്ഞിട്ടുള്ള പുത്തൻ കൊളോണിയൽ ശക്തികളെയും അവരുടെ ആഭ്യന്തര സഹകാരികളെയും മുഖംമൂടി അഴിച്ച് തുറന്നുകാണിക്കുകയും ഇന്ത്യയിലെ ജനങ്ങളെ അവരുടെ പൊതുശത്രുവായി അഭിമുഖത്തിൽ കൊണ്ടുവരികയും ചെയ്യുക എന്നതു് ഇന്നാരംഭിക്കുന്ന ഏതൊരു സമരത്തിൻെറയും പ്രാഥമിക കടമകളിൽഒന്നാ

യി തീർന്നിട്ടുണ്ടു്. കേരളത്തെ സംബന്ധിച്ചടത്തോളം പരമ്പരാഗത ആധുനികവ്യവസായ മേഖലകളിലെ ഇന്നത്തെ തകർച്ചയുടെയും കാർഷികമേഖലയിലെ പ്രതിസന്ധിയുടെയും തൊഴിലില്ലായ്മയുടേയും അഴിമതിയുടെയും വർഗ്ഗീയമതപുനരുജ്ജീവനശക്തികളുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും പരിസ്ഥിതിനശീകരണത്തിന്റെയും എല്ലാം കാരണങ്ങൾ അന്വേഷിച്ചുചെന്നാൽ നാം ചെന്നുമുട്ടിനില്ക്കുന്നതു് ബഹുരാഷ്ട്രകുത്തകകളുടെയും സാമ്രാജ്യത്വങ്ങളുടെയും പടിവാതുക്കൽ ആയിരിക്കും. ഉദാഹരണത്തിനു്, സാമ്രാജ്യത്വവുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലെന്നു് പലരും ചിന്തിച്ചേക്കാവുന്ന അഴിമതിയുടെ കാര്യംതന്നെ എടുത്തുനോക്കുക. ഇന്നു പൊതുമേഖലാ സ്ഥാപനങ്ങൾ അടക്കമുള്ള ആഭ്യന്തരവ്യവസായിക സ്ഥാപനങ്ങളുടെ തകർച്ചയുടെ കാര്യത്തിലായാലും കാർഷികമേഖലയിലെ അശാസ്ത്രീയ വ്യവസായികോല്പന്ന നിക്ഷേപങ്ങളുടെ (inputs) കാര്യത്തിലായാലും കേരളത്തിൽ ഈയിടെ വളരെ ചർച്ചാവിഷയമായ പൈപ്പ് കുംഭകോണത്തിന്റെ കാര്യത്തിലായാലും എല്ലാം അവയ്ക്കു പുറകിൽ ബഹുരാഷ്ട്ര അഖിലേന്ത്യാ കുത്തകകളുമായുള്ള കമ്മീഷനിടപാടുകളുടെ ''അംഗീകൃതസാമ്പത്തികക്രമം'' നമുക്കുകാണാം. മററു മേഖലകളിലാകട്ടെ ഇക്കാര്യം ഇന്നു താരതമ്യേന കൂടുതൽ പ്രകടവുമാണു്.

11' ഇന്നു നടക്കുന്ന വർഗ്ഗബഹുജന പ്രസ്ഥാനങ്ങളെല്ലാം തന്നെ ഒരർത്ഥത്തിൽ വഴിമുട്ടിമരവിച്ചു നില്ക്കുന്നതിന്റെ കാരണം ശരിയായവഴി തിരിയായ്മയിൽ തന്നെയാണു് അടങ്ങിയിരിക്കുന്നതു്. സാമ്രാജ്യത്വ വിരുദ്ധസമരങ്ങളുമായി ബന്ധപ്പെട്ടു് രൂപംകൊണ്ടുവന്ന തൊഴിലാളി, കർഷക, യുവജന, വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ എല്ലാംതന്നെ പില്ക്കാലത്തു് ഭരണവർഗ്ഗരാഷ്ട്രീയത്തിനും പരിഷ്കരണ വാദത്തിനും അടിപ്പെട്ടു ജീർണ്ണിക്കുകയും അന്ധമായി തീരുകയുമാണുണ്ടായതു്. ഇന്നു നടക്കുന്ന സമരങ്ങൾക്കെല്ലാം തന്നെ സാമ്രാജ്യത്വ വിരുദ്ധ, അഖിലേന്ത്യാകുത്തകവിരുദ്ധ ദേശീയവിമോചനത്തിന്റെയും ജനാധിപത്യവിപ്ലവത്തിന്റെയും, അഥവാ ദേശീയജനാധിപത്യവിപ്ലവത്തിന്റെ, ദിശാവെളിച്ചം നൽകുന്നതിലൂടെ മാത്രമെ അവ ഇന്നഭിമുഖീകരിക്കുന്ന പ്രതിസന്ധിയിൽനിന്നു് അവയ്ക്കു് മുക്തിനേടാനാകും. ഇതിനു് ആവശ്യപ്പെടുന്നതു് സാമ്പത്തിക സമരങ്ങളുടെയും അവകാശസമരങ്ങളുടെയും പരിധിക്കു പുറത്തു് ഒരു പൊതുവായ സാമ്രാജ്യത്വ—അഖിലേന്ത്യ കുത്തക വിരുദ്ധ ദേശീയജനാധിപത്യരാഷ്ട്രീയ പ്രക്ഷോഭത്തിന്റെ ബോധപൂർവ്വമായ വികസിപ്പിക്കലാണു്. ഇത്തരം ഒരു പൊതുരാഷ്ട്രീയ പ്രക്ഷോഭത്തിന്റെയും പുതിയ അവബോധം വളർത്തിയെടുക്കുന്നതിന്റെയും പശ്ചാത്തലത്തിൽ മാത്രമേ ഇന്നു നടന്നുകൊണ്ടിരിക്കുന്ന ദൈനദിന സമരങ്ങൾക്കു പോലും വിപ്ലവപരമായ കരുത്തും ഊർജ്ജസ്വലതയും കൈവരിക്കാനാവൂ.

12. എന്നാൽ, മേൽപറഞ്ഞ പുത്തൻ കൊളോണിയലിസത്തിന്റെ പരോക്ഷവും സങ്കീർണ്ണവുമായ സാമൂഹ്യാവസ്ഥയിൽ ഇത്തരം ഒരു പ്രക്ഷോഭണം എങ്ങിനെ ആരംഭിക്കണം എന്നതും ഏതേതു ദിശയിൽ വികസിപ്പിക്കണമെന്നതുമായ ചോദ്യങ്ങൾ പുതിയ ഉത്തരങ്ങൾ തേടുന്ന പ്രശ്നങ്ങളായി കാണേണ്ടതുണ്ടു്. പ്രത്യക്ഷവും പ്രകടവുമായ ജീവിത സാമ്പത്തിക വൈഷമ്യങ്ങൾക്കു പുറത്തു്, നിരന്തരം ഏററുമുട്ടി പരാജയപ്പെടുന്ന അവസ്ഥ പരി

ഹരിക്കാനുള്ള ശ്രമങ്ങൾക്ക് പുറത്ത്, ബോധപൂർവ്വമായി വികസിപ്പിച്ചെടുക്കുന്ന ഒരു ദേശീയ ജനാധിപത്യ അവബോധത്തിന്റെ ഭാഗമായി മാത്രമെ ഇന്നു ജനങ്ങളെ ബാധിച്ചിരിക്കുന്ന രാഷ്ട്രീയ നൈരാശ്യങ്ങളിൽ നിന്ന് പുതിയ മൂല്യസങ്കല്പങ്ങളുടെയും പുതിയ സാംസ്കാരിക ഔന്നത്യങ്ങളുടെയും പുതിയ സമരോത്സുകതയുടെയും എല്ലാമായ, സാമൂഹ്യമാററത്തിന്റേതായ, ഒരു പുതിയ തലത്തിലേക്ക് നമുക്ക് ജനങ്ങളെ എത്തിക്കാൻ കഴിയൂ. ശത്രുവിനെ തുറന്നുകാട്ടുന്ന പ്രചരണ പ്രക്ഷോഭണ സമരങ്ങളുടേതായ ഒരു രാഷ്ട്രീയ കാമ്പയിനിലൂടെ കടന്നുകൊണ്ടു മാത്രമെ ഇന്നത്തെ അവസ്ഥയെ മറികടക്കുവാനും ദേശീയ വിമോചന സമരത്തിന്റെ ആദ്യചുവടുവെയ്പുകൾ വയ്ക്കാനും നമുക്ക് കഴിയൂ. വിട്ടുപോകാനുള്ള സ്വാതന്ത്ര്യം അടക്കം സ്വയംനിർണ്ണയാവകാശത്തിൽ അധിഷ്ഠിതമായി വ്യത്യസ്ഥ ദേശീയതകളെ തുല്യതയുടെ അടിസ്ഥാനത്തിൽ ഐക്യപ്പെടുത്തുന്ന യഥാർത്ഥ ഫെഡറൽ ഘടനകയോടു കൂടിയതും വികേന്ദ്രീകൃതവുമായ സാമ്പത്തിക രാഷ്ട്രീയ അധികാര ഘടനയോടുകൂടിയ, എല്ലാതലങ്ങളിലും സാമ്രാജ്യത്വ വിരുദ്ധ ജനകീയജനാധിപത്യം ഉറപ്പുവരുത്തുന്ന, വിപ്ലവപരമായ ദേശീയ പാരമ്പര്യങ്ങളിലും പൈതൃകങ്ങളിലും ഊന്നിനില്ക്കുന്ന, ലോകത്തിലെ മുഴുവൻ മർദ്ദിത ജനതകളോടും രാഷ്ട്രങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഒരു പുതിയ മഹത്തായ കേരളവും ഇന്ത്യയും കെട്ടിപ്പടുക്കുക എന്ന സ്വപ്നം മുന്നോട്ടു വയ്ക്കുകയും അതിനായി പോരാടുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്കിതു് സാദ്ധ്യമാകൂ.

13. വ്യത്യസ്ഥ തലങ്ങളിൽനിന്ന് ഇത്തരം ഒരു കാമ്പയിന് തുടക്കം കുറിക്കേണ്ടതുണ്ട്. ഒരു ഭാഗത്ത് ഇന്നു നിലനില്ക്കുന്നവയും ഇനിയും കെട്ടിപ്പടുത്തേണ്ടവയുമായ വർഗ്ഗബഹുജന സംഘടനകൾക്കകത്തുനിന്നുകൊണ്ടും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ദൈനംദിന സമരങ്ങൾക്കകത്തുനിന്നുകൊണ്ടും അവക്കിത്തരമൊരു ദിശാനിർണ്ണയം ഉണ്ടാക്കുന്നതിനായി പ്രവർത്തിക്കണം. സാമ്രാജ്യത്വ വിരുദ്ധദേശീയ വിമോചനസമരത്തിന്റെ കരുത്തുററ അടിസ്ഥാനങ്ങളാകാൻ പോകുന്നതും ഇവതന്നെയാണ്. അതേസമയം ഈ പ്രക്രിയ വർഗ്ഗബഹുജനപ്രസ്ഥാനങ്ങൾക്കകത്ത് നിന്നുകൊണ്ടുമാത്രം വളർത്തിയെടുക്കാവുന്നതോ വളർന്നുവരുന്നതോ അല്ലെങ്കിൽ അവയുടെ സ്വാഭാവികതയിൽ മാത്രം വികസിപ്പിച്ചെടുക്കാവുന്നതോ ആയി പരിമിതപ്പെടുത്തിക്കാണുന്നതു് തെററായിരിക്കും. ഈ വർഗ്ഗബഹുജനപ്രസ്ഥാനങ്ങൾക്ക് പുറത്ത് ബോധപൂർവ്വം നടത്തുന്ന രാഷ്ട്രീയ പ്രചരണ പ്രക്ഷോഭങ്ങളുടേതായ പൊതുവായ ഒരന്തരീക്ഷം സൃഷ്ടിക്കേണ്ടതു ആവശ്യവുമാണ്. ഇതു് സാമാന്യമായ രാഷ്ട്രീയപ്രചരണത്തിനു കൂടാതെ പ്രചരണ പ്രക്ഷോഭപരമായ പുതിയ പൊതുസമരപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിനാകട്ടെ തൊഴിലാളി വർഗ്ഗത്തിന്റെയും അതിന്റെ മുന്നണി പോരാളിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും മുൻകയ്യിൽ സാമ്രാജ്യത്വ അഖിലേന്ത്യാ കുത്തകവിരുദ്ധ ദേശീയ ജനാധിപത്യ ശക്തികളുടെ വിശാല ഐക്യവും പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതുണ്ട്.

14. ഇത്തരമൊരു വിശാല ദേശീയ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം അതിന്റെ ഭാഗമായ പൊതുസംഘടനാരൂപങ്ങൾ കെട്ടിപ്പടുക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിന്റെ പ്രശ്നം ദേശീയജനാ

 J942

ധിപത്യവിപ്ലവസമരത്തിന്റെ വികാസത്തോടൊപ്പം ബോധപൂർവ്വവും ജൈവപരവുമായി വികസിപ്പിച്ചെടുക്കേണ്ട ഒരു ദീർഘിച്ച പ്രക്രിയ ആയി നാം കാണേണ്ടതുണ്ട്. ഒരർത്ഥത്തിൽ പൗരാവകാശങ്ങൾക്ക് വേണ്ടിയും മറ്റുമുള്ള മുൻകാലസമരങ്ങളുടെ ഭാഗമായി ഇത്തരം ഒരു പ്രക്രിയയ്ക്ക് നാം തുടക്കമിടുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ തുടർന്ന് മുന്നോട്ടുകൊണ്ടുപോകുന്നതിനും വർഗ്ഗസമരത്തിന്റെ വികാസവുമായി ബന്ധപ്പെട്ട് അവയെ നമ്മുടെ തന്ത്രപരമായ ലക്ഷ്യങ്ങളുമായി കണ്ണിചേർക്കാനും ശ്രമിക്കേണ്ടതുണ്ട്. കഴിഞ്ഞകാലത്തെ വ്യത്യസ്ഥ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത സഖ്യശക്തികളെ ഒരു സാമ്രാജ്യത്വവിരുദ്ധ ഐക്യനിരയിൽ അണിനിരത്താനും ഒരു സാമ്രാജ്യത്വ അഖിലേന്ത്യാ കുത്തകവിരുദ്ധ ദേശീയ വിമോചന കാമ്പയിന് അടിയന്തിരമായി തുടക്കം കുറിക്കുവാനും രംഗത്തിറങ്ങേണ്ടതുണ്ട്.

15 സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ ധീരോദാത്തവും ദീർഘവുമായ ഒരു പാരമ്പര്യം നമ്മുടെ നാടിനുണ്ട്. സാമ്രാജ്യത്വം ഇവിടെ കാലെടുത്തു കുത്തിയ കാലംമുതലുള്ള ധീരമായ ചെറുത്തുനിൽപ്പ് പോരാട്ടങ്ങളുടേതായ ദേശീയ ധീരതയുടെ മഹത്തായ പാരമ്പര്യം നമുക്കുണ്ട്. ഇടക്കാലത്തു്വച്ച് നഷ്ടമായ ഈ മഹത്തായ പാരമ്പര്യത്തെ തട്ടിഉണർത്താനും ഇത്തരം ഒരു ചരിത്രപരമായ പിൻതുടർച്ചയിൽനിന്നുകൊണ്ടുതന്നെ വർത്തമാനസാഹചര്യങ്ങൾക്കനുസരണമായി അവയെ വികസിപ്പിക്കുവാനും സാമ്രാജ്യത്വവിരുദ്ധദേശീയ ജനാധിപത്യവിപ്ലവത്തെ വിജയത്തിലെത്തിക്കാനും മുന്നിട്ടിറങ്ങുകയാണ് ഇന്ന് വിപ്ലവശക്തികളുടെ കടമ.

* ബഹുരാഷ്ട്ര കുത്തകകൾ ഇന്ത്യ വിടുക.
* ദേശീയവും ജനാധിപത്യപരവുമായ ഒരു പുതിയ വികസന പാതക്കുവേണ്ടി മുഴുവൻ ജനാധിപത്യദേശാഭിമാന ശക്തികളും ഒന്നിക്കുക.
* ദേശീയ ജനാധിപത്യവിപ്ലവത്തിന്റെ മഹത്തായ കടമകൾ സാക്ഷാത്കരിക്കുന്നതിനായി മുഴുവൻ ജനങ്ങളും ഒന്നിക്കുക.
* സാമ്രാജ്യത്വ–സോഷ്യൽ സാമ്രാജ്യത്വ കൊള്ളക്കാരുടേയും അവരുടെ ആഭ്യന്തര സഹകാരികളുടേയും താല്പര്യങ്ങൾ രക്ഷിക്കുന്ന ഭരണകൂടത്തിനെതിരെ ആഞ്ഞടിക്കുക.
* വ്യത്യസ്ഥ ദേശീയതകളുടെ സ്വയം നിർണ്ണയാവകാശത്തിലും തുല്യതയിലും അധിഷ്ഠിതമായ ജനകീയ ജനാധിപത്യഇന്ത്യ കെട്ടിപ്പടുക്കുകയെന്ന മഹത്തായ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സമരരംഗത്തിറങ്ങുക.

കേരളസംസ്ഥാനഘടകം

ജൂലൈ 1986

സി. പി. ഐ. (എം. എൽ.)

(കേന്ദ്രപുന:സംഘടനാ കമ്മിററി)

ആമുഖം

പ്രവര്‍ത്തന മാര്‍ഗ്ഗരേഖ

രാഷ്ട്രീയ പ്രമേയം

വില 2 രൂ.

സി. പി. ഐ. (എം. എല്‍.)
(കേന്ദ്രപുനസ്സംഘടനാ കമ്മിററി)
കേരളസംസ്ഥാനഘടകം പ്രസിദ്ധീകരണം

കോപ്പികള്‍ക്ക്:

വിജയന്‍ ബുക്ക് സ്റ്റാള്‍
സൂബൈദ ലോഡ്ജ്
കോട്ടയം — 686001

# പ്രവർത്തന മാർഗ്ഗരേഖയും രാഷ്ട്രീയ പ്രമേയവും

320 - 954
PRA

കേരളസംസ്ഥാനഘടകം
സി. പി. ഐ. (എം. എൽ.)
(കേന്ദ്രപുനസംഘടനാ കമ്മിററി)

Indic Digital Archive Foundation
gpura.org